# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.9)772/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/07/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.9)772/2025 തീയ്യതി: 11/07/2025

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2025 | 26-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2025 | 26-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ

ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ

സഫിയ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

സൂര്യശ്രീ ബി., ഓഡിറ്റർ
ശ്രുതി എൻ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു തോമസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.കെ.ടി.സന്തോഷ് | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി.സുനിത എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 17-09-2024 |
| ശ്രീ.മനോജ്.കെ. | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീബാല അജിത് | കൃഷിഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.രഞ്ജിത്ത് കൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.പൂർണ്ണിമ കെ.ദാസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.അപ്പു സിറിയക് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2024 | 28-02-2025 |
| ഡോ.ശ്രീജ.കെ. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-03-2025 | 31-03-2025 |
| ശ്രീമതി.സൌമ്യ ജി. | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.സന്ധ്യാമോൾ കെ.ബി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2024 | 15-01-2025 |
| ഡോ.നീതു ജോൺസൺ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 16-01-2025 | 31-03-2025 |
| ശ്രീമതി.സജിത എൻ. | ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ്. | 01-04-2024 | 31-03-2025 |
| ശ്രീമതി.നീതു ഇസെഡ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വൈമെക്സൻ വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 20-08-2024 |
| ശ്രീമതി.ഗീതാഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-08-2024 | 31-03-2025 |
| ശ്രീ.അഭിരാം കെ. | വി.ഇ.ഒ.ആമ്പല്ലൂർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രാജി കെ.കെ. | വി.ഇ.ഒ. കല്ലേറ്റിക്കര | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-3 |
| 5 | സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് - വരവ് നഷ്ടം ₹2515 | 1-10 |
| 16 | വസ്തുനികുതി 01/04/2023 പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല | 1-11 |
| 17 | വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-12 |
| 18 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-13 |
| 19 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-14 |
| 20 | പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് - നടത്തുന്നില്ല. | 1-15 |
| 21 | ലൈസൻസ് അപാകതകൾ | 1-16 |
| 22 | ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-17 |
| 23 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹19,15,013 നഷ്ടമായി. | 1-18 |
| 24 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - വിനിയോഗിക്കാതെ 10.72ലക്ഷം രൂപ അവശേഷിക്കുന്നു. | 1-19 |
| 25 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തുടരുന്നു. | 1-20 |
| 26 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-21 |
| 27 | സ്ഥിരനിക്ഷേപത്തിന്മേൽ ആദായനികുതി ഈടാക്കിയത് - തുക തിരികെ ഈടാക്കണം. | 1-22 |

| | | |
|---|---|---|
| 28 | സ്ഥിരനിക്ഷേപം - നീക്കിയിരിപ്പിൽ വ്യത്യാസം | 1-23 |
| 29 | ഇടപാടുകളില്ലാത്ത അക്കൗണ്ട് - തുക നഷ്ടപെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-24 |
| 30 | ഇ ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ട് - അപാകതകൾ | 1-25 |
| 31 | എസ് എസ് കെ വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല: ₹6,00,000/- തടസ്സപ്പെടുത്തുന്നു | 1-26 |
| 32 | ഹോമിയോ മരുന്ന് ലഭ്യമായില്ല - ₹3,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 33 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-28 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ- വിതരണം പൂർത്തിയാക്കിയില്ല -4220/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 35 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-30 |
| 36 | വിജയഭേരി സ്കോളർഷിപ്പ് -അധിക തുക നൽകി | 1-31 |
| 37 | ചെലവു രേഖകൾ ഹാജരാക്കിയില്ല- 75500/- രൂപ തടസപ്പെടുത്തുന്നു | 1-32 |
| 38 | പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക കുടിശ്ശിക | 1-33 |
| 39 | കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹന ഇൻഷുറൻസ് എടുക്കേണ്ടതാണ് | 1-34 |
| 40 | തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-35 |
| 41 | പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം | 1-36 |
| 42 | സി.സി.ടി.വി.ക്യാമറ നന്നാക്കുന്നതിന് തുക നൽകി-ക്യാമറ ഉപയോഗിക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-37 |
| 43 | ഭക്ഷണ കിറ്റുകൾ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-38 |
| 44 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-39 |
| 45 | പാടശേഖരങ്ങളിൽ നെൽകൃഷിയ്ക്കായി ഇലക്ടിക്ക് ലൈൻ വലിയ്ക്കൽ-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-40 |
| 46 | കൃഷി ഭവനിലേക്ക് വാട്ടർ ടാങ്കും വാട്ടർ ഡിസ്പെൻസറും വാങ്ങിയത്-ടെൻഡർ രേഖകൾ ഹാജരാക്കിയില്ല. | 1-41 |
| 47 | വനിത വർക്ക് ഷെഡ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-42 |
| 48 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-43 |
| 49 | ജൽ ജീവൻ പദ്ധതി - അവലോകനം. | 1-44 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് - നഷ്ടം ₹2515 | 2-1 |
| | **ഭാഗം 3** | |
| 1 | വിജയഭേരി സ്കോളർഷിപ്പ് -അധിക തുക നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **12.06.2025**ലെ **16(1)** -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **17.06.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആമ്പല്ലൂർ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് **2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആമ്പല്ലൂർ ഗ്രാമ** പഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി: 11.07.2025**

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-2 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹54,81,420 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity” ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹2,22,05,498ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-4 സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല**

ഗ്രാമപഞ്ചായത്തിന്റെ നാല് സ്ഥിരനിക്ഷേപ രസീതുകൾ പ്രകാരം ₹47,29,254 രൂപ വർഷാന്ത്യ നീക്കിയിരുപ്പുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക ലെഡ്ജർ പ്രകാരം ഇത് ₹46,99,120 മാത്രമാണുള്ളത്.

**1-1-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

എ.എഫ്.എസ് പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടി നൽകിയിട്ടുള്ളതാണെന്ന് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഡ്ജർ പ്രകാരവും ഈ വിവരങ്ങൾ ലഭ്യമല്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 02.02.2024 ലെ 1-ാം നമ്പർ പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് 5.2.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 21.2.2025 ലെ 1-ാം നമ്പർ പ്രകാരം പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 22.2.2025 ലെ 36(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹91,59,459 | ₹91,59,459 |

| | | |
|---|---|---|
| വരവ് | **₹24,88,65,050** | ₹23,63,99,414 |
| ആകെ | **₹25,80,24,509** | **₹24,55,58,873** |
| ചെലവ് | ₹25,46,29,800 | ₹24,20,44,030 |
| നീക്കിയിരുപ്പ് | ₹33,94,709 | ₹35,14,843 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹3,06,77,608 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹6,64,25,507 |
| ആകെ | : | **₹9,71,03,115** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹6,09,44,087 |
| നീക്കിയിരുപ്പ് | : | ₹3,61,59,028 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 19911000 | 19911000 | 19911000 | - | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7062000 | 7062000 | 7011258 | - | 50742 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 30219000 | 30219000 | 29058823 | - | 1160177 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 6113000 | 6113000 | 5908480 | - | 204520 |
| സി.എഫ്.സി –ബേസിക്ക് | 1789178 | 3532466 | 5321644 | 2604979 | 2716665 | - |
| സി.എഫ്.സി –ടൈഡ് | 1382960 | 7016779 | 8399739 | 3663624 | 4736115 | - |
| റൂറൽ ഹൌസിങ്ങ് 320100160 | 1531999 | 4740000 | 6271999 | 4390000 | 1881999 | - |
| ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയ്ൻ 320100181 | 28756 | 10800 | 39556 | 10000 | 29556 | - |
| വിമുക്തി 320100190 | 34950 | 0 | 34950 | 0 | 34950 | - |
| ഫ്ലഡ് റിലീഫ് 320100192 | 305540 | 100000 | 405540 | 0 | 405540 | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് ഫോർ എപ്പിഡെമിക് കൺട്രോൾ 320100195 | 54401 | 0 | 54401 | 0 | 54401 | - |
| ഐ.സി.ഡി.എസ് 320100196 | 3376924 | 1994925 | 5371849 | 1381033 | 3990816 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 328248 | 392696 | 720944 | 216941 | 504003 | - |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ 320100204 | 324785 | 619233 | 944018 | 317831 | 626187 | - |
| ഫണ്ട് ഫോർ ആയുർവേദ- ക്യാപിറ്റൽ 320200207 | 500000 | 0 | 500000 | 0 | 500000 | - |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി ടോട്ടൽ സാനിട്ടേഷൻ 320300103 | 630926 | 0 | 630926 | 624607 | 6319 | - |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി 320300199 | 29964 | 0 | 29964 | 0 | 29964 | - |
| സ്പെസിഫിക് പർപ്പസ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ 320400199 | 146 | 4 | 150 | 0 | 150 | - |
| സ്പെസിഫിക് പർപ്പസ് വെൽഫെയർ ബോഡി ക്യാപിറ്റൽ 320500101 | 16396 | 456 | 16852 | 0 | 16852 | - |
| ജോയിന്റെ വെഞ്ചർ-ക്യാപിറ്റൽ ബ്ലോക്ക് പഞ്ചായത്ത് 320700104 | 9418 | 0 | 9418 | 0 | 9418 | - |
| ജോയിന്റെ വെഞ്ചർ- റവന്യൂ ബ്ലോക്ക് പഞ്ചായത്ത് 320700204 | 1720000 | 0 | 1720000 | 0 | 1720000 | - |
| ജോയിന്റെ വെഞ്ചർ - ക്യാപിറ്റൽ ജില്ല പഞ്ചായത്ത് 320700105 | 183095 | 0 | 183095 | 0 | 183095 | - |
| ജോയിന്റെ വെഞ്ചർ -റവന്യൂ ജില്ല പഞ്ചായത്ത് 320700205 | 2500 | 0 | 2500 | 0 | 2500 | - |
| അദർ സ്പെസിഫിക്ക് ഗ്രാന്റ് റവന്യൂ-ജില്ല പഞ്ചായത്ത് 320700405 | 18653 | 0 | 18653 | 0 | 18653 | - |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ മുനിസിപ്പൽ കോർപ്പറേഷൻ 320700302 | 1242253 | 0 | 1242253 | 0 | 1242253 | - |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ 320800199 | 1069 | 0 | 1069 | 0 | 1069 | - |

| | | | | | | |
|---|---|---|---|---|---|---|
| ഡൊണേഷൻ സി.എം.ഡി.ആർ.എഫ്. 320900101 | 2000 | 60967 | 62967 | 60967 | 2000 | - |
| ഡൊണേഷൻ പാന്റമിക് കൺട്രോൾ 320900102 | 26756 | 745 | 27501 | 0 | 27501 | - |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹28,86,871 ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3,60,066 ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് ചെലവ്, ₹10,06,500 റവന്യൂ ചെലവും ₹15,98,439 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി. ടൈഡ് ഗ്രാന്റ് ചെലവ് , ₹24,65,467 റവന്യൂ ചെലവും ₹11,98,157 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 331 | ₹19,37,42,623 | ₹9,30,57,601 | 189 | 53 | 89 | 57.1 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹1,037 | ₹10,25,057 | ₹10,26,094 | ₹10,25,097* | ₹997 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹2,49,46,761 | ₹2,49,46,761 | ₹2,49,46,761 | 0 |
| ആകെ | **₹1,037** | **₹2,59,71,818** | **₹2,59,72,855** | **₹2,59,71,858** | **₹997** |

*സ്റ്റേറ്റ് മിഷനിലേക്ക് അടവാക്കിയ ബാങ്ക് പലിശ ₹629 രൂപയും ബാങ്ക് ചാർജ്ജ് തുക ₹93 രൂപയും ഇതിൽ ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | ₹8,150,400.00 | 507 |
| വിധവാ പെൻഷൻ | ₹13,842,900.00 | 914 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | ₹34,409,900.00 | 2420 |
| വികലാംഗ പെൻഷൻ | ₹4,282,800.00 | 272 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹698,800.00 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2025 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹11,571.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് ഇല്ല**

1996- ലെ കേരള പഞ്ചായത്തി രാജ് (ഫാക്റ്ററികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡർ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ് തല ട്രേഡർ ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് ആക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളിലെ വാടകക്കാർ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ നടത്തുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് വിവിധ സ്ഥാപനങ്ങൾ

നടത്തുന്നവർ 1996- ലെ കേരള പഞ്ചായത്തി രാജ് (ഫാക്റ്ററികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ അനുസരിച്ചുള്ള ലൈസൻസ് എടുക്കുന്നില്ല. സ്വന്തം കെട്ടിങ്ങളിൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും കണ്ടെത്തുന്നതിനോ നടപടി എടുക്കുന്നതിനോ സാധിക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ 1998-99 മുതൽക്കുള്ള 18ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് - വരവ് നഷ്ടം ₹2515

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 23-09-2023 ൽ SC1/2551/2023 നമ്പർ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

ജിബിൻ തോമസ്, ചമ്പത്തിൽ, കുലയറ്റിക്കര പി.ഒ., അരയൻകാവ് എന്നയാളുടെ 396.74 ച.മീ തറവിസ്തീർണ്ണമുള്ള 9/430/E നമ്പർ കെട്ടിടത്തിന് 2024 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 300 ച.മീയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ (നിരക്ക് -6.3 /ച.മീ) എന്ന ഉപയോഗ ക്രമം നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ചത്. പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ.ന് മുകളിലുള്ളവ (നിരക്ക് - 11.55/ച.മീ) എന്ന ഉപയോഗക്രമമായിരുന്നു നൽകേണ്ടിയിരുന്നത്. തെറ്റായ ഉപയോഗ ക്രമം നൽകിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 വസ്തുനികുതി 01/04/2023 പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പുതുക്കിയ

വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 23-09-2023 ൽ SC1/2551/2023 നമ്പർ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

## പട്ടിക-1

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക്/ച.മീ | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക്/ച.മീ |
| 1 | 5/70/A | 206.26 | 10-05-2023 | പാർപ്പിടാവശ്യം | 5 | സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - **300 ച.മീ വരെയുള്ളവ** | 6 |
| 2 | 14/472/A | 100.5 | 03-05-2023 | | | | |
| 3 | 3/360/A | 256.39 | 16-05-2023 | | | | |
| 4 | 8/309/G | 203.46 | 16-05-2023 | | | | |
| 5 | 9/444/A | 186.62 | 17-05-2023 | | | | |
| 6 | 4/186/A | 221.88 | 27-05-2023 | | | | |
| 7 | 4/277/A | 122.85 | 30-05-2023 | | | | |
| 8 | 5/100/B | 182.54 | 05-06-2023 | | | | |
| 9 | 1/469/A | 174.79 | 16-06-2023 | | | | |
| 10 | 10/481/A | 207.46 | 19-06-2023 | | | | |
| 11 | 2/261/S | 152.23 | 15-07-2023 | വാണിജ്യാ വശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ 500 ച.മീറ്റർ വരെയുള്ളവ | 75 |
| 12 | 15/712/J | 34.05 | 23/05/2023 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ **വരെയുള്ളവ** | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 4/433/C | 315.39 | 19-07-2023 | പാർപ്പിടാവശ്യം | 5 | സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - **300 ച.മീ മുകളിലുള്ളവ** | 11 |
| 14 | 9/50/B | 312.07 | 07-07-2023 | | | | |

ചില കെട്ടിടങ്ങൾ അന്തിമ വിജ്ഞാപനത്തിന് ശേഷം സൈൻ ചെയ്തതാണെങ്കിലും പുതിയ നിരക്കിൽ അല്ല വസ്തുനികുതി നിർണ്ണയിച്ചത്. ഉദാഹരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-2

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക്/ച.മീ | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക്/ച.മീ |
| 1 | 15/669 A,B,C,D,E,F | 149.54 | 18-10-2023 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 | 100 ച.മീറ്റർ മുകളിൽ 500 ച.മീറ്റർ വരെ | 75 |

മേൽ സൂചിപ്പിച്ചത് ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ്. നിരവധി വിഭാഗം കെട്ടിടങ്ങൾക്ക് സർക്കാർ വിജ്ഞാപനം, അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം പുതിയ ഉപയോഗക്രമം നൽകി നികുതി പുനർ നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 28 തീയതി 25/06/2025) കെ സ്മാർട്ടിൽ വസ്തു നികുതി റിവൈസ് ചെയ്യുന്നതിനുള്ള ഓപ്ഷൻ എംപ്ലോയി ലോഗിനിൽ ലഭ്യമാക്കുന്ന മുറയ്ക്ക് നികുതി പുനർ നിർണ്ണയം നടത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് ആയത് ഈടാക്കി വിശദ വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 വാടക ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക സംബന്ധമായ രജിസ്റ്റർ, കരാർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല.

| കെട്ടിട നം | വാടകക്കാരൻ |
|---|---|
| 1/73D | മഞ്ജുഷ രാജീവ്, കുഴിക്കാട്ടുകുന്നേൽ. |
| 10/ 290E | ജവഹർ മഠത്തിപ്പറമ്പിൽ |
| 5/50 P | ഡിജിറ്റൽ സർവേ. |

| | |
|---|---|
| 1/73/B | കാഞ്ചന നന്ദനൻ, കയപ്പുറത്ത് |
| 10/279 | സബിത ടി.എസ്, സന്ധ്യ ആനക്കുളത്തിൽ |
| 10/282 | കൺവീനർ, ഹെഡ് ലോഡ് വർക്കേഴ്സ്, സി.ഐ.ടി.യു |
| 10/290ഇ | ജവാഹർ |
| 10/286 | ജിനേഷ് തുരുത്തിക്കാട്ടിൽ |
| 15/269 ബി,സി | പ്രസിഡന്റ്/സെക്രട്ടറി ഇൻഡ്യൻ കോഫീ ബോർഡ് വർക്കേഴ്സ് കോ. ഓപ്പ്. സൊസൈറ്റി |

2. വാടക ഈടാക്കുന്നില്ല.

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5/50P എന്ന കെട്ടിടത്തിലെ കരാറുകാരൻ ഡിജിറ്റൽ സർവ്വേ എന്നാണ് കാണുന്നത്. ഈ കെട്ടിട മുറി സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയോ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. ഈ സ്ഥാപനത്തെ വാടകയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സ്ഥാപനം ഇപ്പോഴും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം, കരാറിൽ ഏർപ്പെടാതെ കെട്ടിടം കൈയ്യൊഴിഞ്ഞതിന്റെ കാരണം എന്നിവ സംബന്ധിച്ച് വിവരം ലഭ്യമല്ല.

3. എസ്.സി.വർക്ക് ഷെഡുകൾ

എസ്.സി. വർക്ക് ഷെഡുകൾ എന്ന രീതിയിൽ ശ്രീമതി പുഷ്പ.പി.എ. തൈപ്പറമ്പിൽ, ശ്രീമതി സീന എൻ.എം. നെടുംതോട്ടിൽ എന്നിവർക്ക് 684 രൂപ പ്രതിമാസ വാടക നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം കെട്ടിട നമ്പരുകളിലാണ് പ്രവർത്തിക്കുന്നത് എന്ന് കരാറിലോ വാടക രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

4. ഒരു കെട്ടിടം രണ്ടു കരാർ

ഗ്രാമപഞ്ചായത്തിന്റെ 10/285 എന്ന കെട്ടിടം 1.4.2024 മുതൽ 31.3.2025 വരെയുള്ള കാലയളവിലേക്ക് ശ്രീ. ശ്രീനിഷ് നടുവിലെകാലായിൽ തോട്ടറ, അരയൻകാവ്, ശ്രീ. സുനിൽ മലേപ്പറമ്പിൽ തോട്ടറ അരയൻകാവ് എന്നിവർ വ്യത്യസ്ഥ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നു. ഒരു കെട്ടിട മുറി ഒരേസമയം രണ്ടുപേർക്ക് വാടകയ്ക്ക് നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ലേല നടപടികളിൽ ഈ കെട്ടിടം ആരാണ് ലേലം കൊണ്ടിട്ടുള്ളതെന്നും രണ്ടു വ്യക്തികളുമായി കരാറിൽ ഏർപ്പെടാനുണ്ടായ സാഹചര്യവും വ്യക്തമല്ല.

5.ബൈലോ രൂപീകരിച്ചിട്ടില്ല.

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.

6.കരാർ പുതുക്കാതെ പഴയനിരക്കിൽ വാടക ഈടാക്കി വരുമാന നഷ്ടം ഉണ്ടായി.

ഗ്രാമപഞ്ചായത്തിന്റെ 10/281, 5/50 (F,G,J,K,L) എന്നീ നമ്പർ കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്നത് സപ്ലൈകോ ആണ്. ഓരോ മൂന്ന് വർഷത്തിലും 15 ശതമാനം വാടക വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥയോടുകൂടിയാണ് കരാർ പുതുക്കുന്നത്.

A) 10/281 :- 1/12/2021 മുതൽ 3 വർഷത്തേക്ക് പ്രതിമാസം ₹7696 ( ചതുരശ്ര അടിക്ക് 6.08 രൂപ) എന്ന

നിരക്കിലും ഓരോ 3 വർഷത്തിലും 15 ശതമാനം വാടക വർദ്ധന എന്ന വ്യവസ്ഥയോടുകൂടിയാണ് വാടക കരാർ ചമച്ചിരിക്കുന്നത്. എന്നാൽ 01/12/2022ൽ അവസാനിച്ച പ്രസ്തുത വാടകക്കരാർ പുതുക്കിയത് 01/12/2022 ന് പ്രാബല്യത്തിൽ വരും പ്രകാരം 12/06/2024 തീയതിയിലാണ്. 02/12/2022 മുതൽ 31/05/2024 വരെയുള്ള കാലയളവിൽ പഴയനിരക്കിൽ വാടക ഈടാക്കിയതിനാൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

B) 5/50 F, G, J, K, L:- 01/01/2023 ൽ അവസാനിച്ച വാടകക്കരാർ പുതുക്കിയത് 01/01/2023 ന് പ്രാബല്യത്തിൽ വരും പ്രകാരം 12/06/2024ലാണ്. 02/01/2023 മുതൽ 31/05/2024 വരെയുള്ള കാലയളവിൽ പഴയനിരക്കിൽ വാടക ഈടാക്കിയതിനാൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കുടിശ്ശിക വാടക ഈടാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിവരം ഹാജരാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

7) വാടക രജിസ്റ്ററിൽ രേഖകൾ അപൂർണ്ണം

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ ലേലം നടന്ന തീയതി, സെക്യൂരിറ്റി തുക അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങളെല്ലാം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം.12/23.06.2025, 32/25.06.2025) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിശദവിവരം രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1) കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(1)(i), (Ii) പ്രകാരം ഓരോ അർദ്ധവർഷവും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമാണ്. ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ FACTEOS ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, FACTEOS ലൈസൻസ് ലഭിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നുണ്ടെന്നും ഇവരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | വി ക്രിയേഷൻസ്(ഇന്റീരിയർ ഡക്കറേഷൻ) | 11/57 എ | 20 |
| 2 | ആര്യ ആയുർവേദിക് ഹെർബൽ (ആയുർവേദിക് പൗഡർ വില്പന) | 5/106/എ | 20 |

2) ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർ വൈസർമാർ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 31 തീയതി 25/06/2025) മറുപടി ഭാഗികമായി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല.

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രൊജക്ടുകൾ |
|---|---|---|
| 1 | കെ. എം. സണ്ണി | 01/25,03/25 |
| 2 | മത്തായി ടി.പി. | 04/25, 05/25, 06/25, 07/25, 09/25, 20/25, 22/25, 23/25, 24/25, 25/25, 26/25, 27/25, 28/25, 31/25, 32/25, 33/25, 34/25, 35/25, 36/25, 37/25,38/25, 39/25, 40/25, 41/25, 42/25, 43/25, 44/25, 45/25, 46/25, 54/25, 55/25, 56/25, 57/25, 58/25, 59/25, 60/25, 61/25, 62/25, 63/25, 66/25, 67/25, 74/25, 75/25, 76/25 |
| 3 | അഖിൽ വേണു. | 08/25, 18/25, 52/25, 68/25, 69/25 |
| 4 | അമൽ സി. ആർ. | 10/25, 14/25, 15/25, 17/25, 50/25, 51/25, 64/25, 65/25, 70/25, 71/25, 72/25, |
| 5 | അരുൺ പോൾ | 12/25, 30/25, 50/25, 51/25, 64/25, 65/25, 70/25, 71/25 |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അടവാക്കേണ്ടതാണ്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ കാലയളവിലേക്കുള്ള തൊഴിൽനികുതി ഇവർ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ കൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് - നടത്തുന്നില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങളിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50ച.മീ. വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/25.6.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മിതികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 ലൈസൻസ് അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കാണുന്ന ചില അപാകതകൾ ചുവടെ ചേർക്കുന്നു:

**1. ലൈസൻസ് ഫീസ് കുറവായി ഈടാക്കി**

ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം അപേക്ഷിച്ച് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണ് :

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം, മേഖല | ഈടാക്കിയ ഫീസ് ₹ | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് ₹ |
|---|---|---|---|---|---|
| 1. | ഡ്രീം ക്യാപ്ച്ചർ മീഡിയ, 15/58C | ₹11,00,000/-, സേവന മേഖല | 500/- | ₹1000/- | 500/ |
| 2. | പ്രോഗ്രസ്സീവ് മൾട്ടി ടെക്, 5/238 | ₹ 70,00,000/-, ഉത്പാദന മേഖല | 500/- | ₹ 1000/- | 500/- |
| 3. | യുവർ ചോയ്സ്, 15/586C | ₹15,00,000/-, സേവന മേഖല | 500/- | ₹ 1000/- | 500/ |
| 4. | നടത്തേത്ത് ഹാർഡ് വേർസ്, 5/238, 240, 242, ...248 | ₹ 30,00,000/-, സേവന മേഖല | 400/- | ₹ 1000/- | 600/- |
| 5. | മാതാ ഡെന്റൽ ക്ലിനിക്, 10/259 | ₹ 15,00,000/-, സേവന മേഖല | 400/- | ₹ 1000/- | 600/- |

2**. മെഷീൻ ഫീസ് ഈടാക്കിയില്ല**

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 17- നോടാനുബന്ധിച്ച പട്ടിക Ll1 -ൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകാൻ ചുമത്തേണ്ട ഫീസ് നിർണ്ണയിച്ചിട്ടുണ്ട്.

ചുവടെ ചേർത്തിരിക്കുന്ന, യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ / കെട്ടിട നമ്പർ | യന്ത്രത്തിന്റെ വിവരങ്ങൾ | ഈടാക്കേണ്ട മെഷീൻ ഫീസ് |
|---|---|---|---|---|
| 1. | പുതുമ ഫർണിചർ ഷോപ്പ് | 16/451/ബി | 3 എച് പി | ₹ 50/- |
| 2. | ഇ വി എം ഓട്ടോമൊബൈൽസ് | 10/60ഡി | 5 എച് പി | ₹ 50/- |
| 3. | മാജിക് ടച്ച് ബ്യൂട്ടി പാർലർ | 5/233ജി | 2200 വാട്ട്സ് ~3 എച് പി | ₹ 50/- |
| 4. | അൽ ജെന്ന പത്തിരി കട, | 14/3 | 1.5 എച് പി | ₹ 50/- |
| 5. | സുടെക്നിക് | 2/51/6-4 | 35 കിലോ വാട്ട്സ് ~ 47 എച് പി | ₹ 500/- |
| 6. | മൾട്ടി ക്രാഫ്റ്റ് ഡിസൈൻ ആൻഡ് ട്രെഡിങ് | 8/156/1 | 4.5 എച് പി | ₹ 50/- |
| 7. | പ്രസിഷൻ | 10/109 | 5 എച് പി | ₹ 50/- |

| | | | | |
|---|---|---|---|---|
| | ടെക്നോലോജീസ് | | | |
| 8. | വിഷ്ണു റൈസ് മില്ല് | 10/254 | 20 എച് പി | ₹ 200/- |
| 9. | ആയുഷ് ജ്യോതി | 8/418 | 10 എച് പി | ₹ 100/- |
| 10. | കുന്നത് ഫുഡ്സ് | 15/318 | 3 എച് പി | ₹ 50/- |
| 11. | സതെൺ പാക്കിങ്സ് | 15/177 | 3 എച് പി | ₹ 50/- |

ലൈസൻസ് സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24.06.2025) മറുപടി ഭാഗീകമായി മാത്രമാണ് ലഭ്യമാക്കിയത്. അതിൽ മേൽപരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമല്ല. ആയത് പരിഹരിച്ച് വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും, വാടക രജിസ്റ്ററും പരിശോധിച്ചതിൽ, പഞ്ചായത്തിന്റെ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടക കരാറുകരന്റെ പേര് | പ്രവർത്തനം |
|---|---|---|---|
| 1. | 1/67 | ദിലു ജോസഫ്, പള്ളിപ്പറമ്പിൽ | സിമന്റ് വ്യാപാരം |
| 2. | 1/70, 1/71 | സുബിൻ, കുഴിക്കട്ടുകുന്നേൽ | പച്ചക്കറി വ്യാപാരം |
| 3. | 1/72 | ഫ്രാൻസിസ് പി. ജെ, പട്ടത്തിൽ | റേഷൻ കട |
| 4. | 1/73 | സുന്ദരൻ പുത്തരിക്കണ്ടതിൽ | ബാർബർ ഷോപ്പ് |
| 5. | 1/73B | കാഞ്ചന നന്ദനൻ കായപ്പുറത്ത് | വിവരങ്ങൾ ലഭ്യമല്ല |
| 6. | 1/73C | സെക്രട്ടറി, എസ്.സി./ എസ്.ടി. കോഓപ്പറേറ്റീവ് വെൽഫയർ സൊസൈറ്റി | വിവരങ്ങൾ ലഭ്യമല്ല |
| 7. | 1/73D | മഞ്ജുഷ രാജീവ്, കുഴിക്കാട്ടുകുന്നേൽ | കെ. ആർ കമ്മ്യൂണിക്കേഷൻസ്, ഫ്ലെക്സ് പ്രിന്റിംഗ് ഓഫീസ് |
| 8. | 1/79 | ബിജു എം എ | ലൈറ്റ് ആൻഡ് സൗണ്ട് എക്യുഐപിമെന്റുകളുടെ സംഭരണം |
| 9. | 1/80, 81 | ഷമീർ എൻ എസ് | കോഴിക്കട |
| 10. | 1/82 | സാജന ടി എ | വിവരങ്ങൾ ലഭ്യമല്ല |
| 11. | 1/83 | സൈനുദീൻ | വിവരങ്ങൾ ലഭ്യമല്ല |

| | | | |
|---|---|---|---|
| 12. | 10/274 | കെ എം പരീക്കുട്ടി | വ്യാപാരം |
| 13. | 10/279 | സബിത ടി എസ്, സന്ധ്യ | വിവരങ്ങൾ ലഭ്യമല്ല |
| 14. | 10/280 | സൗമ്യമോൾ കെ ജി | ഡി ടി പി, സ്റ്റേഷനറി |
| 15. | 10/281 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ | സിവിൽ സപ്ലൈസ് |
| 16. | 10/284 | പി എൻ രാജഗോപാൽ | വിവരങ്ങൾ ലഭ്യമല്ല |
| 17. | 10/285 | സുനിൽ, ശ്രീനിഷ് | ഹരിതം എസ്. എച്. ജി |
| 18. | 10/290E | ജവാഹർ മടത്തിപറമ്പിൽ | കോഴികട |
| 19. | എസ്.സി. വർക്ക്ഷെഡ് | പുഷ്പ പി എ | പൂക്കൾ വിതരണ യൂണിറ്റ് |
| 20. | എസ്.സി. വർക്ക്ഷെഡ് | സീന എൻ എം | ടൈലറിങ് യൂണിറ്റ് |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/25.06.2025) മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അറിയാമായിരുന്നിട്ടും അവരോട് ലൈസൻസ് എടുക്കുന്നതിന് ആവശ്യപ്പെടുകയോ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതെയോ തുടർന്നത് അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് അധികൃതർ മൗനാനുവാദം നൽകിയതിന് തുല്യവും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട റവന്യൂ വരുമാനം ഇല്ലാതാക്കുന്നതുമാണ്. ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**1-18 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹19,15,013 നഷ്ടമായി.**

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹1,33,36,583 തിരികെ ലഭിക്കുവാനുണ്ട്.

| | |
|---|---|
| വൗച്ചർ.നം. 22301702/ 31.3.2024: പ്രകാരം 2023-24 വർഷം ജോയിന്റ് വെഞ്ചർ.ടി.എസ്.ബി. -അക്കൗണ്ടിൽ (799011400000981) നിന്നും കുറവ് ചെയ്തത്. | ₹19,15,013 |
| വൗച്ചർ.നം. 22401568/ 31.3.2025: പ്രകാരം തൻവർഷം എൽ.ജി.ടി.എസ്.ബി. -<br>തനത് ഫണ്ട് അക്കൗണ്ടിൽ (799013000001055) നിന്നും കുറവ് ചെയ്തത്. | ₹1,14,21,570 |
| ആകെ | ₹1,33,36,583 |

ഈ തുകകളിൽ ₹1,14,21,570 ഏപ്രിൽ 2025ൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയ ₹19,15,013 നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക തിരികെ ലഭിക്കാൻ സാദ്ധ്യതയില്ല. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാൽ ഈ തുക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകകൾ നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - വിനിയോഗിക്കാതെ 10.72ലക്ഷം രൂപ അവശേഷിക്കുന്നു.**

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ നടപ്പുവർഷം തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 02/21.6.2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടി കൂടി ഉൾപ്പെടുത്തി ബാദ്ധ്യത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | നീക്കിയിരുപ്പ് | ലഭ്യമാക്കിയ മറുപടി പ്രകാരം നീക്കിയിരുപ്പിന്റെ വിശദ വിവരം |
|---|---|---|
| വിമുക്തി 320100190 | 34950 | തൻവർഷം ലഹരി വിമുക്തി പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതാണ്. |
| ഫ്ലഡ് റിലീഫ് 320100192 | 405540 | തുക ഓറഞ്ച് ബുക്കിലെ നിർദ്ദേശപ്രകാരം മാത്രമേ ചെലവഴിക്കാവൂ. ഈ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. തിരികെ അടവാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ല. ഹെഡ് സഹിതം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുക തിരിച്ചടക്കുന്നതാണ്. |
| ഗ്രാന്റ് ഫോർ എപ്പിഡെമിക് കൺട്രോൾ 320100195 | 54401 | ഡി.ഡി.പി. 24.8.2021 ൽ അനുവദിച്ച നാല് ലക്ഷം രൂപയിൽ ബാക്കി നിൽക്കുന്ന തുകയാണിത്. ആയത് തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഫണ്ട് ഫോർ ആയുർവേദ -ക്യാപിറ്റൽ 320200207 | 500000 | നാഷണൽ ആയുഷ് മിഷനിൽ നിന്നും ലഭിച്ചിട്ടുള്ള തുകയാണിത്. 25-26 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.214 (₹450000) പ്രോജക്ട് നം.152 (₹50000) ഏറ്റെടുത്തിട്ടുണ്ട്. |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി 320100199 | 29964 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി ലഭിച്ച തുകയിൽ ബാക്കിനിൽക്കുന്ന തുക. നിലവിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ബഡ്സ് സ്കൂൾ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് |

| | | |
|---|---|---|
| | | ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനായി വിനിയോഗിക്കുന്നതാണ്. |
| സ്പെസിഫിക് പർപ്പസ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ 320400199 | 150 | ലൈഫ് പദ്ധതിക്കായി ലഭിച്ച തുക. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് സ്റ്റേറ്റ്ഷെയർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതാണ്. |
| സ്പെസിഫിക് പർപ്പസ് വെൽഫെയർ ബോഡി ക്യാപിറ്റൽ 320500101 | 16852 | സി.എസ്.ആർ. ഫണ്ട് അക്കൗണ്ടിൽ ലഭിച്ച പലിശ തുക. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ 320800199 | 1069 | പാലിയേറ്റീവ് കെയർ ആംബുലൻസിനായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന ക. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. |
| ഡൊണേഷൻ സി.എം.ഡി.ആർ.എഫ്. 320900101 | 2000 | വിവിധ പ്രകൃതിക്ഷോഭ നിവാരണ പ്രവർത്തന ങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. |
| ഡൊണേഷൻ പാന്റമിക് കൺട്രോൾ 320900102 | 27501 | പകർച്ച വ്യാധി നിവാരണ പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന ക. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. |
| ആകെ | 10,72,427 | |

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-20 മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തുടരുന്നു.**

വാർഷിക ധനകാര്യപത്രികയിലെ ബി.4 ഷെഡ്യൂൾ പ്രകാരം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ റവന്യൂ/മൂലധന ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | നീക്കിയിരുപ്പ് | ഫണ്ടിന്റെ വിവരം (പഞ്ചായത്ത് ലഭ്യമാക്കിയത്) |
|---|---|---|
| ജോയിന്റ് വെഞ്ചർ-ക്യാപിറ്റൽ ബ്ലോക്ക് പഞ്ചായത്ത് 320700104 | 9418 | അങ്കണവാടി നിർമ്മാണത്തിനായി ലഭിച്ച 423300 രൂപയിൽ ചെവഴിക്കാതെ അവശേഷിക്കുന്ന തുകയാണിത്. ഈ സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിലേക്കായി ചെലവഴിക്കുന്നതാണ്. |
| ജോയിന്റെ വെഞ്ചർ-റവന്യൂ ബ്ലോക്ക് പഞ്ചായത്ത് 320700204 | 1720000 | ലൈഫ് ബ്ലോക്ക് ഷെയർ തുക ഈ ആവശ്യത്തിലേക്ക് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. ആയത് പരിശോധിച്ച് ആവശ്യമായ ജേണൽ എൻട്രി വരുത്തുന്നതാണ്. |
| ജോയിന്റെ വെഞ്ചർ-ക്യാപിറ്റൽ ജില്ല പഞ്ചായത്ത് 320700105 | 183095 | കുലൈറ്റിക്കര എസ്.സി.കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക. ഈ സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതാണ്. |
| ജോയിന്റെ വെഞ്ചർ-റവന്യൂ ജില്ല പഞ്ചായത്ത് 320700105 | 2500 | കൃഷിമേഖലയിൽ ലഭിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. |
| അദർ സ്പെസിഫിക്ക് ഗ്രാന്റ് റവന്യൂ- ജില്ല പഞ്ചായത്ത് 320700405 | 18653 | മറുപടി ലഭ്യമല്ല. ഏത് ആവശ്യത്തിന് ലഭിച്ച ഫണ്ടാണിതെന്ന് വ്യക്തയില്ല. |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ മുനിസിപ്പൽ കോർപ്പറേഷൻ 320700302 | 1242253 | പരിശോധിച്ച് ആവശ്യമായ ജേണൽ എൻട്രി ചെയ്ത് ലെഡ്ജർ കൃത്യമാക്കുന്നതാണ്. |
| **ആകെ** | **3175919** | |

ബി.4 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം അക്കൗണ്ടുകളിലാണ് മുതൽക്കൂട്ടിയിട്ടുള്ളത് എന്ന് വ്യക്തമല്ല. മുൻകാലങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിക്കുന്ന തുകകൾ ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ അക്കൗണ്ടിലാണ് മുതൽ കൂട്ടിയിരുന്നത്. എന്നാൽ ഈ അക്കൗണ്ടിലെ തുക (₹19,15,013) മുഴുവനും 2023-24 വർഷം റിഡംപ്ഷനിലൂടെ തിരികെ എടുത്തിട്ടുള്ളതാണ്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ

പ്രകാരം ജോയിന്റ് വെഞ്ച്വർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക തിരികെ ലഭിക്കാൻ സാദ്ധ്യതയില്ല. ഈ ആക്കൌണ്ടിൽ ഉണ്ടായിരുന്നത് മേൽവിവരിച്ച ഹെഡുകളിൽ ഏതെല്ലാം തുകകളാണെന്ന് കണ്ടെത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഈ തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബാക്കിയുള്ള തുകകൾ നേരത്തെ ചെലവഴിച്ചിട്ടുള്ളവ ആയതിന്റെ വൗച്ചർ സഹിതം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും പ്രത്യേക തീരുമാന പ്രകാരം ജേണൽ എൻടി വരുത്തി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന കകൾ നിർദ്ദിഷ്ഠ ആവശ്യത്തിലേക്കായി വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ഭാവിയിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിലേക്കായി ലഭിക്കുന്ന ധനസഹായം അതാത് ആവശ്യത്തിലേക്കായി യഥാസമയം തന്നെ വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.6.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| കോഡ് | ശീർഷകം | തുക | ലഭ്യമാക്കിയ മറുപടിയിലെ വിവരം |
|---|---|---|---|
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് | ₹2,94,314.00 | ഈ തുക ലോക്കൽ സാംഖ്യയിൽ നിന്നും ഓപ്പണിങ്ങ് ബാലൻസായി ഐ.എൽ.ജി.എം.എസ്. ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മുൻകൂർ തുക ചെലവ് ചെയ്തിരുന്നെങ്കിലും കൃത്യമായ കണക്കുകൾ പരിശോധിച്ച് ഏത് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നുമാണ് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | ₹4,800.00 | സർക്കാർ നിർദ്ദേശപ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് സാക്ഷരതാ മിഷൻ നൽകേണ്ട 40% ഓണറേറിയം തുക തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുള്ള തുക. ആയത് തിരികെ ലഭ്യമാക്കുന്നതിന് സാക്ഷരതാമിഷന് കത്ത് നൽകിയിട്ടുള്ളതാണ്. |

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള മുൻകൂർ തുക ആർക്കെല്ലാം എത്ര തുക വീതമാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകൾ ക്രമീകരിക്കേണ്ടതാണ്.

സാക്ഷരതാ മിഷനുവേണ്ടി തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുള്ള തുകകൾ തിരികെ ഈടാക്കി തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

**1-22 സ്ഥിരനിക്ഷേപത്തിന്മേൽ ആദായനികുതി ഈടാക്കിയത് - തുക തിരികെ ഈടാക്കണം.**

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ആമ്പല്ലൂർ ശാഖയിൽ ഗ്രാമപഞ്ചായത്ത് 687018 -ാം നമ്പരായി ₹24,91,960 ന്റെ ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപം ഉണ്ട്. ഈ തുക തൻവർഷം പുതുക്കി നിക്ഷേപിച്ചപ്പോൾ ₹30,134 ആദായനികുതിയിനത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത ശേഷമാണ് സ്ഥിരനിക്ഷേപം ₹26,33,031 ആയി പുതുക്കി നൽകിയിട്ടുള്ളത്.

1961 ലെ ആദായനികുതി നിയമം വകുപ്പ് 10 (20) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്മേലുള്ള പലിശയെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ യൂണിയൻ ബാങ്കിലെ സ്ഥിരനിക്ഷേപത്തിന്മേൽ ആയദായ നികുതി ഈടാക്കിയത് ഒഴിവാക്കി തുക തിരികെ ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21.6.2015), കുറവ് ചെയ്ത തുക തിരികെ തരണമെന്ന് ആവശ്യപ്പെട്ട് ബാങ്കിന് കത്ത് നൽകിയെന്നും എന്നാൽ ആദായനികുതി നിയമം സെക്ഷൻ 194 A പ്രകാരമാണ് തുക പിടിച്ചിട്ടുള്ളതെന്നും ആദായ നികുതി വകുപ്പിൽ നിന്നും ടാക്സ് എക്സെംപ്ഷൻ ലെറ്ററും പാൻ കാർഡും ലഭ്യമാക്കുന്നതിനും ഉത്ഭവത്തിൽ കുറവ് ചെയ്ത നികുതി ഫോം 16 നൽകിയിട്ടുള്ളത് വെച്ച് ആദായനികുതി വകുപ്പിൽ റിട്ടേൺ ഫയൽ ചെയ്യണമെന്നും ബാങ്ക് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നാളിതുവരെ ഉത്ഭവത്തിൽ കുറവ് തുക ആദായനികുതി റിട്ടേൺ ഫയൽ ചെയ്ത് തിരികെ ഈടാക്കുന്നതിനും ആദായ നികുതി വകുപ്പിൽ നിന്നുള്ള ടാക്സ് എക്സെംപ്ഷൻ ലെറ്ററും പാൻ കാർഡും ബാങ്കിന് നൽകി തുടർന്ന് നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവ് നേടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-23 സ്ഥിരനിക്ഷേപം - നീക്കിയിരിപ്പിൽ വ്യത്യാസം**

ഗ്രാമപഞ്ചായത്തിന്റെ സ്ഥിര നിക്ഷേപം വർഷാരംഭ നീക്കിയിരിപ്പ് ₹44,28,465 ആണ്. ആകെ നാല് സ്ഥിരനിക്ഷേപ രസീതുകളാണ് ഉള്ളത്. ഇവയ്ക്ക് ലഭിച്ച പലിശ സഹിതം ഓഡിറ്റ് വർഷത്തിൽ പുതുക്കി താഴെ ചേർക്കുന്ന പ്രകാരം ₹47,29,254 രൂപ വർഷാന്ത്യ നീക്കിയിരിപ്പുണ്ട്.

| നിക്ഷേപത്തിന്റെ വിവരം | മുന്നിരുപ്പ് | ലഭിച്ച പലിശ | നീക്കിയിരിപ്പ് | രശീതി നം. |
|---|---|---|---|---|
| കീച്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ₹7,52,286 | ₹62,064 | ₹8,14,350 | 8686/16 |
| കീച്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ₹5,34,219 | ₹44,073 | ₹5,78,292 | 15720 |
| കേരള ബാങ്ക് ആമ്പല്ലൂർ | ₹6,50,000 | ₹53,581 | ₹7,03,581 | C00121478 |
| യു.ബി.ഐ.ആമ്പല്ലൂർ | ₹24,91,960 | ₹1,41,071 | ₹26,33,031 | 687014 |
| **ആകെ** | **₹44,28,465** | **₹3,00,789** | **₹47,29,254** | |

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷാന്ത്യ നീക്കിയിരിപ്പ് ₹46,99,120 ആണുള്ളത്.

സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ആകെ വർഷാന്ത്യ മൂല്യവുമായി ഇത് പൊരുത്തപ്പെടുന്നില്ല.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ആമ്പല്ലൂർ ശാഖയിലെ സ്ഥിരനിക്ഷേപം ഓഡിറ്റ് വർഷം പുതുക്കി നിക്ഷേപിച്ചപ്പോൾ ₹30,134 ആദായ നികുതിയിനത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത ശേഷമുള്ള പലിശ ഉൾപ്പെടുത്തിയാണ് സ്ഥിരനിക്ഷേപം ₹26,33,031 ആയി പുതുക്കി നൽകിയിട്ടുള്ളത്. എന്നാൽ ലെജർ അക്കൗണ്ട് (420800101) പ്രകാരം 31.3.2025 ൽ ₹30,134 ജേണൽ വൗച്ചർ (42401860) മുഖാന്തിരം വീണ്ടും കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. ആയത് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.6.2025) 2025-26 വർഷത്തിൽ ക്രമപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-24 ഇടപാടുകളില്ലാത്ത അക്കൗണ്ട് - തുക നഷ്ടപെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ ഇല്ലാത്ത അവസ്ഥയിൽ തുടരുന്നുണ്ട്. ചില അക്കൗണ്ടുകളിൽ പലിശ ക്രെഡിറ്റ് ചെയ്യുന്നുണ്ടെങ്കിലും മറ്റ് ട്രാൻസാക്ഷനുകൾ ഒന്നും തന്നെ നടത്തപ്പെടുന്നില്ല. അക്കൗണ്ടുകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | അക്കൗണ്ടിന്റെ ആവശ്യം | 1.4.24 ലെ പ്രാരംഭ ബാക്കി | 31.3.2025 ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| യു.ബി.ഐ. നീർപ്പാറ | 343302010009006 | ജനകീയഭവനം | ₹18,653 | ₹18,653 |
| യു.ബി.ഐ. നീർപ്പാറ | 343302010009414 | ടോട്ടൽ സാനിട്ടേഷൻ | ₹28,756 | ₹29,556 |
| യു.ബി.ഐ. ആമ്പല്ലൂർ | 670402010007011 | കോവിഡ് ഡൊണേഷൻ | ₹26,756 | ₹27,501 |
| യു.ബി.ഐ. ആമ്പല്ലൂർ | 670402010005541 | ലൈഫ് ഹൗസിങ്ങ് സ്കീം | ₹146 | ₹150 |
| യു.ബി.ഐ. ആമ്പല്ലൂർ | 670402010006182 | ഐ.ഒ.സി. സി.എസ്.ആർ. | ₹16,396 | ₹16,852 |

ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ മരവിപ്പിക്കപ്പെടുന്നതിനും നീക്കിയിരുപ്പ് തുക ഗ്രാമപഞ്ചായത്തിന് ഉപയോഗപ്പെടുത്തുന്നതിന് കഴിയാതെ വരുന്നതുമായ സാഹചര്യം ഉണ്ടാകാൻ സാദ്ധ്യത ഉണ്ട്. ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ള ആവശ്യങ്ങൾ നിലവിൽ ഇല്ലാത്ത സാഹചര്യത്തിലും ഇടപാടുകൾ ഒന്നും ഇല്ലാതെ ഇത് സൂക്ഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.06.2025), 2025 ജൂലൈയിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ അക്കൗണ്ടുകൾ ആരംഭിച്ച ആവശ്യത്തിലേക്കായി തുക വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടായാൽ തനത് ഫണ്ടിൽ നിന്നും ഈ ആവശ്യത്തിനായി തുക വിനിയോഗിക്കാം എന്ന നിബന്ധനയോടെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മേൽ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

**1-25 ഇ ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ട് - അപാകതകൾ**

1. മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുകകൾ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കാഞ്ഞിരമറ്റം എസ്.ബി.ഐ. ബാങ്കിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം. 37178128775). തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ നം.ഡി.ബി./7942/2010/സി.ഇ./ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ആരംഭിച്ചിട്ടുള്ള ഈ അക്കൗണ്ടിൽ ഇ-ടെണ്ടർ ഫീസ് മാത്രമാണ് ഇടപാട് നടത്തേണ്ടത്. മറ്റ് യാതൊരു ഇടപാടുകളും ഈ അക്കൗണ്ടിലൂടെ നടത്താവുന്നതല്ല. എന്നാൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ ഇ-ടെണ്ടർ ഫീസ് കൂടാതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ റിക്കവറിത്തുകകൾ, ഡ്രൈവർ സാലറി തുടങ്ങിയ തുകകൾ കൂടി ഈ അക്കൗണ്ടിലൂടെ ഇടപാടുകൾ നടത്തുന്നു. ഇത് അക്കൗണ്ടിൽ വന്നിട്ടുള്ള തുകകൾ ഏതൊക്കെയെന്നും പേയ്മെന്റ് നടത്തിയ തുകകൾ ഏതിനത്തിലുള്ളതാണെന്നും നീക്കിയിരിപ്പ് തുകയിൽ ഏതെല്ലാം ഇനത്തിൽ എത്രവീതം തുക ആണെന്നും വ്യക്തത വരുത്തുവാൻ സാധിക്കുന്നില്ല.

2. ഓരോ ഇ-ടെണ്ടർ നടപടികളിലൂടെയും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം മുതൽക്കൂട്ടി നൽകിയതായും കാണുന്നില്ല. യഥാസമയം ഇപ്രകാരം ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട പലിശയിനത്തിലുള്ള വരവ് ലഭിക്കുന്നില്ല.

3. ഇ- ടെണ്ടർ ഫീ ബാങ്ക് അക്കൗണ്ടിൽ 31.3.2025 ൽ ₹3,99,062/- നീക്കിയിരിപ്പുണ്ട്. ഇതിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിലേക്ക് നൽകുവാൻ ബാക്കി നിൽക്കുന്ന  കയും മറ്റ് ഏതെല്ലാം ഇനത്തിലായാണ് തുക നീക്കിയിരിപ്പുള്ളതെന്നുമുള്ള വിവരം ലഭ്യമാല്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/24.6.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം 2024-25 വർഷത്തിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച ₹130270/- ൽ ₹50685/- സെക്രട്ടറിയുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ടെന്നും ബാക്കി തുക ₹79585/- അടിയന്തിരമായി സെക്രട്ടറിക്ക് കൈമാറുമെന്നും അറിയിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് തുകയിൽ ബാക്കി നിൽക്കുന്നത്, സ്റ്റാറ്റ്യൂട്ടറി റിക്കവറിയിനത്തിൽ ₹143505/-, റിട്ടെൻഷൻ തുക ₹5000/-, മുൻവർഷങ്ങളിലായി അക്കൗണ്ടിലുള്ള ₹170972/- എന്നിവയാണ്.

സ്റ്റാറ്റ്യൂട്ടറി റിക്കവറിയിനത്തിൽ മാറ്റിയിടുന്ന തുകകൾ ബന്ധപ്പെട്ട നിയമം നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിശ്ചിത ദിവസങ്ങൾക്കകം അടക്കേണ്ടതാണെന്നിരിക്കെ ഈ തുകകൾ പ്രത്യേക അക്കൗണ്ടിൽ മുതൽ കൂട്ടിയിടുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാദ്ധ്യത വരുത്തുന്ന നടപടിയാണ്. ആയതിനാൽ ഇത്തരം തുകകൾ എത്രയും വേഗം അടവാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ നീക്കിയിരുപ്പുള്ള തുക ഏതിനത്തിൽ ഉള്ളതാണെന്ന് കണ്ടെത്തി അതാത് ഇനങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ഈ ബാങ്ക് അക്കൗണ്ട് ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾക്ക് വേണ്ടി മാത്രമായി നിജപ്പെടുത്തേണ്ടതും ഓരോ ടെണ്ടർ കഴിയുമ്പോൾ തന്നെ ടെണ്ടർ ഫീ തുക പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

**1-26 എസ് എസ് കെ വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല: ₹6,00,000/- തടസ്സപ്പെടുത്തുന്നു**

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ. പി സ്കൂൾ നിർവഹിച്ച എസ്. എസ്. കെ വിഹിതം നൽകൽ എന്ന പ്രോജെക്ടിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0094/25 |
| അടങ്കൽ തുക | ₹6,00,000 (വികസന ഫണ്ട്- പൊതു വിഭാഗം) |
| ആകെ ചെലവ് | ₹6,00,000 (TRN 2111060…..07211/ 23.1.25) |

സ. ഉ. (കൈ) നം. 84/2022/ തീയതി 19.04.2022 മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ സമഗ്രശിക്ഷ കേരളം പ്രോജെക്ടിന് നൽകുന്ന  കയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശ സ്ഥാപനങ്ങളെ എസ്. എസ്. കെ പ്രൊജക്റ്റ് ഓഫീസർ അറിയിക്കണം. തദ്ദേശ ഭരണ സ്ഥാപങ്ങനളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം (Utilization Certificate) സമഗ്രശിക്ഷ കേരളത്തിൽ നിന്ന് കൃത്യമായി നൽകണം.

മേൽ അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/23.06.2025) ലഭിച്ച മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് വിധേയമായി ₹6,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-27 ഹോമിയോ മരുന്ന് ലഭ്യമായില്ല - ₹3,00,000 രൂപ തടസ്സപ്പെടുത്തുന്നു.</u>

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവഹണം നടത്തിയ ഗവ. ഹോമിയോ ഡിസിപെൻസറി- മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | ഗവ. ഹോമിയോ ഡിസിപെൻസറി- മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0142/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ നം./ തീയതി | 218/04.10.2024 |

ആമ്പല്ലൂർ പഞ്ചായത്തിലെ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം. PF-130/01.08.2024 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ), ആലപ്പുഴയ്ക്ക് 3,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനായി ലഭിച്ച ഫയൽ പരിശോധിച്ചതിൽ 3,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19, തീയതി. 24.06.2025) ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ലെന്നും മരുന്ന് ലഭിക്കുന്നതിനായി ഹോംകോയ്ക്ക് കത്ത്, ഓർമ്മകുറിപ്പ് എന്നിവ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ₹3,00,000/- യുടെ മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ ₹3,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-28 വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല</u>

1) ജനറൽ വിഭാഗം

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | എസ്.0034/25, വീട് വാസയോഗ്യമാക്കൽ ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ, ഫണ്ട് | ₹3200000<br>(₹2193500 (വികസനഫണ്ട്-പൊതുവിഭാഗം),<br>₹1006500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹2675000<br>(₹1668500 (വികസനഫണ്ട്-പൊതുവിഭാഗം),<br>₹1006500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

ജനറൽ വിഭാഗത്തിൽ പെട്ടവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. സബ്സിഡി ധനസഹായം പരമാവധി 1,00,000/- രൂപ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതും എൻജിനീയറിംഗ് വിഭാഗം ഓവർസിയർ മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം, തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | പാത്തുമ്മ പരീത് | 376/10.01.2025 | 50000 |
| 2. | രുക്മിണിയമ്മ | 493/06.03.2025 | 50000 |

2) പട്ടികജാതി വിഭാഗം

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | എസ്.0002/25, വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ, ഫണ്ട് | ₹3600000, വികസനഫണ്ട്(എസ്.സി.പി) |
| ചെലവ് | ₹2736000, വികസനഫണ്ട്(എസ്.സി.പി) |

പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. സബ്സിഡി ധനസഹായം പരമാവധി 1,50,000/- രൂപ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതും എൻജിനീയറിംഗ് വിഭാഗം ഓവർസിയർ മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം, തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | അജയ് റ്റി.റ്റി. | 462/22.02.2025 | 75000 |
| 2. | ഉഷ രവീന്ദ്രൻ | 570/14.03.2025 | 75000 |
| 3. | അനിൽകുമാർ | 583/17.03.2025 | 75000 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21,22 തീയതി. 24.06.2025) മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിച്ച് കൊണ്ടിരിക്കുന്നതായും ധനസഹായം

നൽകുന്നതിനായി സ്പിൽ ഓവർ പ്രോക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-29 വയോജനങ്ങൾക്ക് കട്ടിൽ- വിതരണം പൂർത്തിയാക്കിയില്ല -4220/- രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്0062/25, വയോജനങ്ങൾക്ക് കട്ടിൽ - ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1,39,200/- (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | 1,39,200/- (വികസന ഫണ്ട്- പൊതുവിഭാഗം) |
| ബിൽ.നമ്പർ/തീയതി/ തുക | 575/15.03.25/139200/- |

മേൽ പ്രോജക്ട് പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി ജെം മുഖേന കൽപക പ്രൊഡക്ട്സ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും (ബിൽ ഓഫ് സപ്ലൈ - ഇൻവോയിസ് നം.23, തീയതി. 03.03.2025) കട്ടിൽ ഒന്നിന് 4220/- രൂപ വീതം 33 കട്ടിലുകൾ 1,39,260/- രൂപയ്ക്ക് വാങ്ങുകയും അടങ്കലിൽ അധികരിക്കാതെ തുക നൽകുകയും ചെയ്തിട്ടുണ്ട്. കട്ടിൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 32 കട്ടിലുകൾ വിതരണം ചെയ്യുകയും ഒരെണ്ണം വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കട്ടിൽ വിതരണം ചെയ്യാതിരിക്കുന്നതിന് കാരണവും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും താത്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16, തീയതി. 24.06.2025) ഒരു കട്ടിൽ നൽകുന്നതിന് ഗുണഭോക്താവിനെ മുൻഗണനാ ലിസ്റ്റിൽ നിന്നു തന്നെ തിരഞ്ഞെടുത്ത് നൽകുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയിൽ കത്ത് നൽകിയതായും ആയത് തീരുമാനം ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ഗുണഭോക്തൃ ലിസ്റ്റും ലഭ്യമാക്കി. ഈ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഓരോ വാർഡിലെയും 2 പേർക്ക് വീതം ആകെ 32 പേർക്ക് നിർവ്വഹണോദ്യോഗസ്ഥ കട്ടിൽ വിതരണം ചെയ്യുകയും ആയത് 12.06.2025 ലെ 1/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. 12.06.2025 ലെ 5/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ജെം വഴി അധികമായി ലഭിച്ച 3 കട്ടിലുകൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അതിദരിദ്ര വിഭാഗത്തിൽ നിന്നും മുൻഗണന ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം വാങ്ങിയ ഒരു കട്ടിലും അധികമായി ലഭിച്ച രണ്ട് കട്ടിലുകളുമാണ് വിതരണം ചെയ്യാതെ അവശേഷിച്ചിരിക്കുന്നത്. മേൽ പ്രോജക്ടിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ പ്രോജക്ട് പ്രകാരം വാങ്ങിയ കട്ടിലിനായി പുതിയ ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താവിനെ കണ്ടെത്തുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന കട്ടിൽ പ്രോജക്ട് പ്രകാരമുള്ള ലിസ്റ്റിലെ ഗുണഭോക്താവിന് വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നത് വരെ ഒരു കട്ടിലിന്റെ വിലയായ 4220/- രൂപ തടസ്സപ്പെടുത്തുന്നു.

**1-30 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.**

വി.ഇ.ഒ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുടെ (പട്ടികജാതി വിഭാഗം) രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി ഉഷ പ്രവീൺ, ചാലശ്ശേരിൽ ഹൗസ് (കരാർ തീയതി – 28.04.2023) എന്ന ഗുണഭോക്താവ് നാളിതു വരെയായും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ശ്രീമതി ഉഷ പ്രവീൺ ഇതുവരെ കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| 1. | 24.05.2023 | 40,000/- |
| 2 | 21.08.2023 | 1,00,000/- |
| 3 | 24.03.2024 | 60,000/- |
| ആകെ | | 2,00,000/- |

മേൽ ഗുണഭോക്താവ് നാളിതു വരെയായും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും താത്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34, തീയതി. 25.06.2025) ഭിത്തിപ്പൊക്കം വരെയുള്ള നിർമ്മാണം നടത്തിയിട്ടുണ്ടെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുള്ളതായും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 വിജയഭേരി സ്‌ക്കോളർഷിപ്പ് -അധിക തുക നൽകി**

വിജയഭേരി-എസ്.സി. വിദ്യാർത്ഥികൾക്ക് സ്‌ക്കോളർഷിപ്പ് (S0090/25) എന്ന പ്രൊജക്ട് മുഖേന 20,000/-രൂപ സ്‌ക്കോളർഷിപ്പ് ലഭിച്ച ആദിത്യ രാജേഷ് എന്ന വിദ്യാർത്ഥിനിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം തിരുവനന്തപുരം ബാലരാമപുരത്തുള്ള പട്ടം താണുപിള്ള മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരമെഡിക്കൽ സയൻസസിൽ ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് വിദ്യാർത്ഥിനിയാണ് പ്ലസ്ടുവിന് ശേഷമുള്ള സർക്കാർ അംഗീകൃത കോഴ്സുകൾക്ക് 15,000/- രൂപ മാത്രമേ സബ്സിഡി മാർഗരേഖ പ്രകാരം നൽകുവാൻ സാധിക്കുകയുള്ളൂ. മാർഗ്ഗ രേഖയിൽ നിന്ന് വ്യതിചലിച്ച് അധികമായി 5000/-രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

**1-32 ചെലവു രേഖകൾ ഹാജരാക്കിയില്ല- 75500/- രൂപ തടസപ്പെടുത്തുന്നു**

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ട് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | S0182/25 (സ്പിൽ ഓവർ) | അതിദാരിദ്ര്യം മൈക്രോപ്ലാൻ ഭക്ഷ്യ ധാന്യ കിറ്റ് | 61500 | 24500 | വികസന ഫണ്ട്- ജനറൽ | 45/9.5.24 |
| 2 | S0169/25 (സ്പിൽ | ജെന്റർ റിസോഴ്സ് | 51000 | 51000 | വികസന ഫണ്ട്- ജനറൽ | 282/11.12.24 |

| | | | | | | |
|---|---|---|---|---|---|---|
| | ഓവർ) | സെന്റർ- തുടർ പ്രവർത്തനം | | | | |

2024-25 ലെ ട്രഷറി ബില്ലുകൾ, ഇൻവോയ്സുകൾ, വിതരണ രേഖകൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, 2024-25 ലെ പ്രൊജക്ട് രൂപീകരണ ഫോറം അടക്കമുള്ള മുഴുവൻ രേഖകളും സഹിതം പ്രൊജക്ട് ഫയലുകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 25/25.6.25 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ട്രഷറി ബില്ലുകൾ മാത്രമേ ഹാജരാക്കിയുള്ളൂ. രേഖകളുടെ അഭാവത്തിൽ 75500/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-33 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക കുടിശ്ശിക

ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 18 പൊതുടാപ്പുകൾക്ക് 21839/- രൂപ വീതം ആണ് പ്രതിമാസം അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ വൻതുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നമ്പർ 93970/07.3.25 പ്രകാരം 28.02.2025 ൽ അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 88,28,089/-രൂപയും ഫൈൻ 1,73,165/-രൂപയും അടക്കം ആകെ 90,01,254/- രൂപയാണ്. വെള്ളക്കരം ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക തുക സംബന്ധിച്ച് നൽകിയ 13/24.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. കുടിശ്ശിക തുക സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിലെ രേഖകളും വാട്ടർ അതോറിറ്റിയിലെ രേഖകളും തമ്മിൽ ഒത്തു നോക്കി ബോധ്യപ്പെടുന്ന മുറയ്ക്ക് ഭരണ സമിതി അംഗീകാരത്തോടെ കുടിശ്ശിക തുക ഫണ്ട് ലഭ്യത അനുസരിച്ച് ഘട്ടം ഘട്ടമായി അടവാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. കുടിശ്ശിക തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹന ഇൻഷുറൻസ് എടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം KL-39 T -0472 നമ്പർ മഹീന്ദ്ര ബൊലേറോയുടെ ഇൻഷുറൻസ് ഓറിയന്റൽ ഇന്ത്യ ഇൻഷുറൻസിൽ നിന്നുമാണ് എടുത്തിട്ടുള്ളത് (വൗച്ചർ നമ്പർ-22400889/16.11.24, തുക-18002/-, ഇൻഷുറൻസ് കാലയളവ്-17.11.24 മുതൽ 16.11.25 വരെ). ഹരിതകർമ്മ സേന ഉപയോഗിക്കുന്ന വാഹനം KL-39S-9312 Piaggio Ape ഇലക്ട്രിക്ക് വാഹനത്തിന്റെ ഇൻഷുറൻസ് റോയൽ സുന്ദരം ജനറൽ ഇൻഷുറൻസ് കമ്പനിയിൽ നിന്നുമാണ് എടുത്തിട്ടുള്ളത് (വൗച്ചർ നമ്പർ-22400577/08.9.24, തുക-7963/-, ഇൻഷുറൻസ് കാലയളവ്-17.11.24 മുതൽ 16.11.25 വരെ). 07.8.21ലെ സർക്കുലർ നമ്പർ-ബി2/278/2019 – ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ02/2024/ ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ ബോർഡ്, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ പൊതുമേഖല/സ്വകാര്യ ഇൻഷുറൻസ് കമ്പനികളിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 15/24.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും തുടർന്ന് ഇൻഷുറൻസ് എടുക്കുന്നതാണെന്ന് അറിയിച്ചു.

**1-35 തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളിൽ ആനുകൂല്യം അനുവദിക്കുന്നതിന് മുൻപ് ഗുണഭോക്താക്കളിൽ നിന്നും 25% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 2024-25 വർഷം ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S0161/25 | ഫലവൃക്ഷ തൈകൾ | 102713/- (വികസന ഫണ്ട്- ജനറൽ) 34237/- (ഗുണഭോക്തൃ വിഹിതം) | ബിൽ നം.569/14.3.25, തുക – 102713/- |
| 2 | S0133/25 | വീട്ടുവളപ്പിൽ ഒരു ഹൈബ്രിഡ് പച്ചക്കറി തോട്ടം- വനിത | 250000/- (വികസന ഫണ്ട്- ജനറൽ) 25000/- (ഗുണഭോക്തൃ വിഹിതം) | ബിൽ നം.291/16.12.24 തുക - 250000/- |
| 3 | S0084/25 | പുഷ്പ കൃഷി -വനിത | 275000/- (വികസന ഫണ്ട്- ജനറൽ) 91667/- (ഗുണഭോക്തൃ വിഹിതം) | 275000/- ബിൽ നം.567/14.3.25, തുക – 1,20,000/- ബിൽ നം.568/14.3.25, തുക – 1,55,000/- |

മേൽ സൂചിപ്പിച്ച 3 പ്രൊജക്ടുകളുടെയും അംഗീകൃത ഗുണഭോക്തൃലിസ്റ്റും തൈകൾ വിതരണം ചെയ്തത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളും ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകളും കൂടാതെ പ്രൊജക്ട് നമ്പർ S00133/25 പ്രകാരം റെയ്ഡ്കോയിൽ നിന്നും 1,00,000/-രൂപ ചെലവഴിച്ച് വാങ്ങിയ HERBEX 100ML ന്റെ വിതരണ വിവരവും ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 36/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളിൽ നിന്നും നാളിതു വരെയായി 3 പ്രൊജക്ടുകളിലുമായി 65690/-രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും ബാക്കി ഗുണഭോക്തൃ വിഹിതം ഈടാക്കി അറിയിക്കുന്നതാണെന്നും പ്രൊജക്ട് 2025-26 വർഷം സ്പിൽ ഓവർ ആയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു. വിതരണ രേഖകൾ ഹാജരാക്കിയില്ല. മുഴുവൻ ഗുണഭോക്തൃ വിഹിതവും ഈടാക്കി തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 627713/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം**

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 39 T 0472 മഹീന്ദ്ര ബൊലേറോയുടെ ലോഗ് ബുക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(പി)നം.803/70/ഫിൻ, തീയതി.13.11.1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതിലെ ചട്ടം 41 പ്രകാരം ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഉള്ള ഓഡോമീറ്റർ റീഡിംഗ്, ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്കിന്റെ പൂർണ്ണ ശേഷിയിൽ നിറയ്ക്കുവാനാവശ്യമായ ഇന്ധനത്തിന്റെ അളവ്, മുൻപ് ഇന്ധനം നിറച്ചതിനു ശേഷം ഓടിയ ദൂരം എന്നിവ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഒരു കിലോ മീറ്ററിന് വേണ്ടി വരുന്ന യഥാർത്ഥ ഇന്ധന ഉപഭോഗം കണക്കാക്കി ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ ശരാശരി ഇന്ധന ഉപഭോഗവുമായി താരതമ്യം ചെയ്യേണ്ടതുമാണ്. ഇക്കാര്യങ്ങൾ കൃത്യമായി ചെയ്ത് പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2) ചട്ടം 3 & 37പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ആകെ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് (Log Book Summary)ലോഗ് ബുക്കിൽ തന്മാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല.

3) ജി.ഒ.(എം.എസ്)നം.113/2003/ഫിൻ/24.2.2003 പ്രകാരം വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 35/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-37 സി.സി.ടി.വി.ക്യാമറ നന്നാക്കുന്നതിന് തുക നൽകി-ക്യാമറ ഉപയോഗിക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു**

മില്ലുങ്കൽ-പുത്തൻകാവ് ജംഗ്ഷനിലെ CCTV ക്യാമറ നന്നാക്കിയതിന് ആഷർ ഡിജിറ്റൽ സ്റ്റോർ എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ 22400806/30.10.24 പ്രകാരം 10,000/-രൂപ നൽകി. ജനകീയ ജാഗ്രത സമിതി എന്ന സ്വകാര്യ സംഘടന ഗ്രാമപഞ്ചായത്തിന് കൈമാറിയ ക്യാമറയാണ് ഇതെന്നാണ് ഇതു സംബന്ധിച്ച് നൽകിയ 14/24.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. CCTV സ്വകാര്യ സംഘടന ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ക്യാമറ നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 249/26 നമ്പർ പ്രൊജക്ട് പ്രകാരം ക്യാമറകൾ സ്ഥാപിക്കുന്നതിനോടൊപ്പം ടി ക്യാമറയും സ്ഥാപിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. ക്യാമറ സ്ഥാപിച്ച് വിശദാംശങ്ങൾ അറിയിക്കുന്നതു വരെ 10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-38 ഭക്ഷണ കിറ്റുകൾ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0014/25 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | അതിദാരിദ്ര്യം ഭക്ഷണകിറ്റ് |
| അടങ്കൽ | 162000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 64690/-<br>ബിൽ നം.133/23.7.24, തുക –12500/-<br>ബിൽ നം.296/16.12.24, തുക –12240/-<br>ബിൽ നം.321/24.12.24, തുക –13750/-<br>ബിൽ നം.592/18.3.25, തുക –26200/- |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |

അതിദരിദ്രരായ 25 വ്യക്തികൾക്ക് 500/-രൂപ മൂല്യം വരുന്ന ഭക്ഷണ കിറ്റുകൾ ആമ്പല്ലൂർ ജനത സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാങ്ങി നൽകുന്നതിനായാണ് പ്രൊജക്ട് രൂപീകരിച്ചത്. സുലേഖ ചെലവ് പത്രിക പ്രകാരം 2024-25 വർഷം 64690/-രൂപ പ്രൊജക്ട് മുഖേന ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 52190/-രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉള്ളൂ. ബാക്കി 12500/-രൂപ ചെലവഴിച്ചതിന്റെ ട്രഷറി ബിൽ, ഇൻവോയ്സുകൾ, കൈപ്പറ്റ് എന്നിവ ഫയലിൽ ഇല്ല.ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 26/25.6.25 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 12500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2024-25 വർഷം കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | S0217/25<br>കൃഷി ഓഫീസിൽ സൗരോർജ വൈദ്യുതി ഉല്പാദന യൂണിറ്റ് സ്ഥാപിക്കൽ | 600000/-<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്) | 600000/-<br>ബിൽ നം.487/6.3.25 |
| 2 | S0355/25<br>അഗ്രോമാർട്ടിലെ ഇലക്ട്രിക്ക് ലൈൻ മാറ്റി കേബിൾ സ്ഥാപിക്കൽ | 56491/-<br>(തനത് ഫണ്ട്) | 56491/-<br>വൗച്ചർ നം.22401277/14.02.25 |
| 3 | S0349/25<br>തോട്ടത്തിൽ താഴം റോഡിൽ ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 150000/-<br>(തനത് ഫണ്ട്) | 148315/-<br>വൗച്ചർ നം.22401522/28.3.25 |

മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾ മുഖേന നിക്ഷേപ പ്രവൃത്തികൾക്കായി തുക കെ.എസ്.ഇ.ബി, അനർട്ട് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം അനർട്ടുമായി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണ തീയതി അടക്കമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി

കെ.എസ്.ഇ.ബി.യുമായി കരാർ വെച്ചിട്ടില്ല. ഇതിന്റെ കാരണം അറിയിക്കുവാനും പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 40/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നിക്ഷേപ പ്രവൃത്തികൾക്കായി നർവ്വഹണ ഏജൻസികൾക്ക് തുക നൽകുമ്പോൾ പൂർത്തീകരണ തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി കരാർ വെയ്ക്കേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ 804806/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 പാടശേഖരങ്ങളിൽ നെൽകൃഷിയ്ക്കായി ഇലക്ടിക്ക് ലൈൻ വലിയ്ക്കൽ-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0275/25(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പാടശേഖരങ്ങളിൽ നെൽകൃഷിയ്ക്കായി ഇലക്ടിക്ക് ലൈൻ വലിയ്ക്കൽ |
| അടങ്കൽ | 200000/-(വികസന ഫണ്ട്-ജനറൽ)<br>11194/-(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 200000/- ബിൽ നം. 369/09.01.2025<br>11194/- വൗച്ചർ നം. 22401213/31.01.25 |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |

കൃഷി ആവശ്യത്തിനു വേണ്ടി സ്രാങ്കുഴി -മനയ്ക്കത്താഴം പാടത്ത് 308 മീറ്റർ 3 ഫേസ് 4 വയർ OH ലൈൻ വലിയ്ക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 211194/- രൂപ ടി സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 39/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതു വരെ 211194/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 കൃഷി ഭവനിലേക്ക് വാട്ടർ ടാങ്കും വാട്ടർ ഡിസ്പെൻസറും വാങ്ങിയത്-ടെൻഡർ രേഖകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 2024-25 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം വാട്ടർ ടാങ്കും വാട്ടർ ഡിസ്പെൻസറും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S0353/25 | കൃഷി ഭവൻ-പുതിയ വാട്ടർ ടാങ്ക് വാങ്ങി സ്ഥാപിക്കൽ | 25000/-(തനത് ഫണ്ട്)<br>20000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ- | 16500/-(തനത് ഫണ്ട്) വൗച്ചർ നം.22401504/27.3.25<br>20000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്) |

| | | | | |
|---|---|---|---|---|
| | | | റോഡ്) | ബിൽ നം. 664/25.3.25 |
| 2 | S0273/25 | കൃഷി ഭവനിലേക്ക് കുടിവെള്ള പദ്ധതി | 50000/- (സി.എഫ്.സി. ടൈഡ് ഗ്രാന്റ്) | 48500/- ബിൽ നം. 422/3.2.25 |

ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം നെടിയത്ത് സാനിട്ടറി വെയേഴ്സ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിൽ നിന്നും 36500/-രൂപ ചെലവഴിച്ച് വാട്ടർ ടാങ്ക് വാങ്ങിയിട്ടുണ്ട്. വാട്ടർ ടാങ്ക് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളും ലഭിച്ച ടെൻഡറുകളും ഹാജരാക്കിയില്ല.വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി, ഇനം എന്നിവയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം KSIE Ltd. എന്ന സ്ഥാപനത്തിൽ നിന്നും Atlantis Water Dispenser 48500/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഡിസ്പെൻസർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളും ലഭിച്ച ടെൻഡറുകളും ഹാജരാക്കിയില്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ 38/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ രണ്ട് പ്രൊജക്ടുകളിലുമായി ആകെ ചെലവഴിച്ച 85,000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-42 വനിത വർക്ക് ഷെഡ് നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 52-ാം നമ്പർ അങ്കണവാടിയിൽ മേൽക്കൂര ഷീറ്റ് സ്ഥാപിച്ച് വനിത വർക്ക് ഷെഡ് നിർമ്മാണം (എസ്.170/25) |
| അടങ്കൽ | ₹2,00,000.00 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹2,00,000.00 (ബിൽ നം. 75/9.5.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച മേൽ പ്രവൃത്തി ഓഡിറ്റ് വർഷത്തിൽ ആണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഷീറ്റ് വർക്ക് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഘട്ടമായി ഗ്രിൽ വർക്ക് ടൈൽ വർക്ക് എന്നിവ ഉൾപ്പെടുത്തി താഴെ ചേർക്കുന്ന പ്രോജക്ട് ഏറ്റെടുത്തു പൂർത്തീകരിച്ചിട്ടുമുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഒന്നാം വാർഡിലെ വനിതാ വർക്ക് ഷെഡ് നിർമ്മാണം പൂർത്തീകരണം (എസ്.42/25) |
| അടങ്കൽ | ₹3,00,000.00 (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ₹2,58,424.00 (ബിൽ നം. 319/24.12.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |

രണ്ടു പ്രോജക്ടുകളിലുമായി വനിതാ വർക്ക് ഷെഡ് നിർമ്മാണത്തിനായി ആകെ ₹4,58,424 ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രവൃത്തി സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

**1. വനിതാ വർക്ക് ഷെഡ് പ്രവർത്തനം ആരംഭിച്ചിട്ടില്ല** : എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വാർഡ് ഒന്നിലെ വനിതകൾക്ക് അവരുടെ ക്രാഫ്റ്റ് വർക്കുകൾ ചെയ്യുന്നതിനുവേണ്ടിയാണ് ഈ നിർമ്മാണം നടത്തുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഈ വർക്ക് ഷെഡിൽ ഏത് തരത്തിലുള്ള ക്രാഫ്റ്റ്

വർക്ക് ആണ് നടത്തപ്പെടുന്നതെന്നും ആരെയാണ് ഇതിന്റെ കസ്റ്റോഡിയൻ ആയി തീരുമാനിച്ചിട്ടുള്ളതെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/24.6.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് ഒന്നിലെ ലക്ഷം വീട് ഉന്നതിയിലെ സ്ത്രീകൾക്ക് ഒ.ഇ.എൻ. കമ്പനിയിലെ ഉൽപന്നങ്ങളുടെ സ്പെയർ പാർട്ട്സ് അസംബ്ലിങ്ങ്, ഗ്ലൗ പാക്കിങ്ങ്, തുന്നൽ ജോലികൾ മുതലായവ ചെയ്യുന്നതിനായിട്ട് ഇവരുടെയും വാർഡ് മെമ്പറുടെയും ആവശ്യപ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതാണ്.

**2. അങ്കണവാടിയുടെ പ്രവർത്തനത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പാക്കപ്പെട്ടിട്ടില്ല:** നിലവിൽ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടിയുടെ പ്രവർത്തനത്തിന് വനിതാ വർക്ക് ഷെഡുമൂലം അസൗകര്യം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കപ്പെട്ടിട്ടില്ല.

**3. മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് ലഭ്യമല്ല:** പ്രോജക്ട് നിർവ്വഹണം അംഗീകൃത മോണിറ്ററിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. വർക്ക് ഷെഡിൽ മേശ കസേര തുടങ്ങിയ സൗകര്യങ്ങൾ കൂടി ഒരുക്കാനുണ്ടെന്നും ആയത് കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് മോണിട്ടറിങ്ങ് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

അങ്കണവാടിയുടെ പ്രവർത്തനത്തെ ഒരുതരത്തിലും ബാധിക്കില്ല എന്ന് ഉറപ്പ് വരുത്തി വർക്ക് ഷെഡ് നിർമ്മാണം പൂർത്തീകരിച്ച് ആവശ്യക്കാരായ വനിതകളെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പ് രൂപീകരിച്ച് വർക്ക് ഷെഡ് ഉപയോഗവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് വർക്ക് ഷെഡ് ഈ ഗ്രൂപ്പിന് കൈമാറി നൽകി പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ പ്രോജക്ട് നിർവ്വഹണ പൂർത്തീകരണത്തെത്തുടർന്നും അംഗീകൃത പ്രോജക്ടിലെ മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരന് തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-43 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും</u>

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**<u>1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.</u>**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | *₹2,76,313* | *₹9,12,000* | *₹3,81,000* | - |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | *₹1,57,961* | *₹3,83,000* | *₹6,09,000* | |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്. പലിശ തുക വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | *₹2,76,313* | *₹8,15,681* | *₹216941* | - |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | *₹1,57,949* | *₹3,82,980* | *₹3,17,831* | - |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| |
|---|
| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ |

ഫെസിലിറ്റീലസ്.

(Ii) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് | | |
|---|---|---|---|
| | 2021-22 | 2022-23 | 2023-24 |
| രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | *₹2,76,313* | *₹8,15,681* | *₹216941* |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | *₹1,57,949* | *₹3,82,980* | *₹3,17,831* |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.(Ii) പി.എച്ച്.സി. (320100202) Canara Bank A/C No.110043086627 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) Canara Bank A/C No.110043085682 |
|---|---|---|
| മുന്നിരുപ്പ് | ₹3,28,248 | ₹3,24,785 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,92,696 | ₹6,19,233 |
| ആകെ | ₹7,20,944 | ₹9,44,018 |
| ചെലവ് | ₹2,16,941 | ₹3,17,831 |
| നീക്കിയിരുപ്പ് | ₹5,04,003 | ₹6,26,187 |

## 1-44 ജൽ ജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ - കേരളം**

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു

കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതികളുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**<u>ജൽജീവൻ മിഷനും - ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തും</u>**

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാദ്ധ്യമാക്കുന്നതിന് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-23 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന സംയുക്ത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 286 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനും പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് (24.06.2020 ലെ 11 -ാം നമ്പർ തീരുമാനം). പദ്ധതിയുടെ ഭാഗമായി അടങ്കൽ തുകയുടെ 15% ഗ്രാമപഞ്ചായത്ത് വിഹിതമായും 10% ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കി 2020-21 വർഷത്തേക്ക് പഞ്ചായത്ത് തല കർമ്മ പദ്ധതി ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**<u>വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| No.Of Villages / Habitation Under Proposed Schemes. | Amballur – 16 Wards |
| Population Of Proposed Panchayat ( As Per 2011 Census) | 25628 |
| No.Of Households In Panchayat ( As Per 2011 Census) | 6311 |
| Population Of Proposed Panchayat ( In 2020) | 26948 |
| No.Of Households In Panchayat ( In 2020) | 7447 |
| Percapita Supply (Lpcd) | 60 Lpcd |
| Type Of Source | Muvattupuzha River |
| Existing No.Of Water Connections | 3265 |
| No.Of Water Connections Proposed | 1430 |
| No.Of Water Connections After The Implementation Of The Project | 4695 |
| Total Estimated Cost | Rs.286 Lakhs |
| Agency For O&M | Kerala Water Authority |

**<u>ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ</u>**

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി" ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് ജില്ലാ വാട്ടർ സാനിട്ടേഷൻ സമിതിക്ക് നൽകി അംഗീകാരം നേടിയിട്ടുള്ളതായി കാണുന്നില്ല.

**<u>നിർവ്വഹണ സഹായ ഏജൻസി.</u>**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ജെ.ജെ.എം. പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി ഭാരത്മാതാ എക്സ്റ്ററൻഷൻ ഫോർ ഓർഗാനിക് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (BeFORE) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷികരാറിൽ ഏർപ്പെടേണ്ടതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള അസൽ കരാറിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പുവച്ചിട്ടില്ല.

<u>സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം.</u>

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 1430 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനു വേണ്ട എസ്റ്റിമേറ്റ് തുക 286ലക്ഷം രൂപയും ഇതിൽ കേന്ദ്രവിഹിതം 128.70 ലക്ഷം രൂപയും സംസ്ഥാന വിഹിതം 85.80 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതം 42.90 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതം 28.6 ലക്ഷം രൂപയുമാണ് ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജൽ ജീവൻ പദ്ധതി നടത്തിപ്പിലേക്കായി അടവാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല.

<u>ജൽ ജീവൻ പദ്ധതിക്കായി തുക വകയിരുത്തൽ</u>

പദ്ധതിയുടെ ഭാഗമായി എല്ലാ വീടുകൾക്കും വാട്ടർ കണക്ഷൻ നൽകുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് വിഹിതം 2020-21 വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുന്നിരുന്നെങ്കിലും ആയത് നിർവ്വഹണം നടത്തിയിട്ടില്ല. ഏറ്റെടുത്തിരുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് / നം. | അടങ്കൽ | | ചെലവ് |
|---|---|---|---|
| | ഫണ്ടിനം | തുക | |
| ജൽ ജീവൻ മിഷൻ (എസ്.0256/21) | കേന്ദ്രവിഹിതം | ₹20,01,000 | ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | സംസ്ഥാന വിഹിതം | ₹10,00,500 | |
| | പഞ്ചായത്ത് വിഹിതം | ₹6,00,300 | |
| | ഗുണഭോക്തൃവിഹിതം | ₹4,00,200 | |
| | **ആകെ** | **₹40,02,000** | |

<u>പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ</u>

1. ജൽജീവൻ മിഷന്റെ ഭാഗമായി നെച്ചൂരിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സമീപം പൈപ്പ് ലൈനുകൾ കടന്നുപോകുന്നതിനായി സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങുന്നതിന് മണീട്, മുളന്തുരുത്തി, എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി തുക വഹിച്ച് മണീട് ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിയിട്ടുണ്ട്. ഇതിലേക്കായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 22-23 വർഷത്തിൽ പ്രോജക്ട് ഏറ്റെടുത്ത് 5 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് / നം. | അടങ്കൽ | | ചെലവ് | അധിക വിവരം |
|---|---|---|---|---|
| | ഫണ്ടിനം | തുക | | |
| ജൽ ജീവൻ പദ്ധതി - സ്ഥലം വാങ്ങുന്നതിനായി | തനത് ഫണ്ട് | ₹5,00,000 | ₹5,00,000 മണീട് ഗ്രാമപഞ്ചായത്തിന് | പ്രോജക്ട് പൂർത്തീകരിച്ച് ബാക്കി തുകയായ ₹34,652 |

| | | | | |
|---|---|---|---|---|
| തുക നൽകൽ. (എസ്.0167/23) | | | കൈമാറി. | ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. |

2. ജൽജീവൻ പദ്ധതിക്കായി കപ്പാസിറ്റി കൂടിയ ടാങ്ക് നിർമ്മിക്കുന്നതിന് സ്പോൺഷർഷിപ്പിലൂടെ സ്ഥലം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് 13.08.2021 ലെ 2(1) -ാം നമ്പരായി തീരുമാനം എടുത്തിരുന്നു. ഇതേ തുടർന്ന് 21.10.2021 ൽ കുലയിറ്റിക്കര വില്ലേജ് സർവ്വേ നമ്പർ 197/1 ൽ അരയൻകാവ് പൂരപ്പറമ്പിൽ വടക്കേ അതിർത്തിയിൽ വാട്ടർ ടാങ്ക് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് കിഴക്ക് വശം 5 സെന്റ് സ്ഥലം അരയൻകാവ് ദേവസ്വം സൗജന്യമായി നൽകിയിട്ടുണ്ട്. ഈ സ്ഥലം ജലഅതോറിറ്റി കൈമാറിയിട്ടുണ്ട്. എന്നാൽ ടാങ്കിന്റെ നിർമ്മാണം ശൈശവാസ്ഥയിൽ ആണുള്ളത്.

**കുടിവെള്ള കണക്ഷൻ ലഭ്യമായതിന്റെ വിവരം.**

പദ്ധതിയുടെ ഭാഗമായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ 1430 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 456 ഗുണഭോക്താക്കൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ നൽകിയിട്ടുള്ളതിന്റെ ലിസ്റ്റ് മാത്രമാണ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് - നഷ്ടം ₹2515

ജിബിൻ തോമസ്, ചമ്പത്തിൽ, കുലയറ്റിക്കര പി. ഒ., അരയൻകാവ് എന്നയാളുടെ 396.74 ച.മീ തറവിസ്തീർണ്ണമുള്ള 9/430/E നമ്പർ കെട്ടിടത്തിന് 2024 രണ്ടാം അർദ്ധവർഷം (അസസ്മെന്റ് തീയതി 10/01/2025) മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 300 ച.മീയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ (നിരക്ക് -6.3/ച.മീ) എന്ന ഉപയോഗ ക്രമം നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ചത്. പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ.ന് മുകളിലുള്ളവ (നിരക്ക് - 11.55/ച.മീ) എന്ന ഉപയോഗക്രമമായിരുന്നു നൽകേണ്ടിയിരുന്നത്. തെറ്റായ ഉപയോഗ ക്രമം നൽകിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|
| 396.74 X 6.3 = 2499.462 + 374.9193 (തറ നിർമ്മിതി 15% വർദ്ധനവ്) = 2875 + 144 (5% ലൈബ്രറി സെസ്സ്) = **3019/-** | 396.74 X 11.55 =4582.347 + 687.35205 (തറ നിർമ്മിതി 15% വർദ്ധനവ്) = 5270 + 264 (5% ലൈബ്രറി സെസ്സ്) = **5534/-** | **2515/-** |

വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 18, തീയതി 24/06/2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിൽ കുറവ് വന്ന തുക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വിജയഭേരി സ്കോളർഷിപ്പ് -അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0090/25 |
| പ്രൊജക്ടിന്റെ പേര് | വിജയഭേരി-എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 355000(വികസന ഫണ്ട്-എസ്.സി.പി.)<br>355000/-(ജില്ല പഞ്ചായത്ത് വിഹിതം) |
| ചെലവ് | 285000/-(വികസന ഫണ്ട്-എസ്.സി.പി.)<br>ബിൽ നം. 383/17.01.2025<br>285000/-(ജില്ല പഞ്ചായത്ത് വിഹിതം)<br>ബിൽ നം. 384/17.01.2025 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |

പ്രൊജക്ട് മുഖേന 20,000/-രൂപ സ്കോളർഷിപ്പ് ലഭിച്ച ആദിത്യ രാജേഷ് എന്ന വിദ്യാർത്ഥിനിയുടെ അപേക്ഷയിൽ പാരാമെഡിക്കൽ കോഴ്സ് പഠിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ്( 2024-25 വർഷം) ഫയലിൽ ഇല്ല. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടു നൽകിയ 27/25.6.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയും കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു. കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം തിരുവനന്തപുരം ബാലരാമപുരത്തുള്ള പട്ടം താണപിള്ള മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരമെഡിക്കൽ സയൻസസിൽ ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് വിദ്യാർത്ഥിനിയാണ് ആദിത്യ രാജേഷ്. പ്ലസ്ടുവിന് ശേഷമുള്ള സർക്കാർ അംഗീകൃത കോഴ്സുകൾക്ക് 15,000/- രൂപ മാത്രമേ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ അധികമായി നൽകിയ 5000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തുക | | | |
| 13 | ₹77,000* | ₹77,000* | ഇല്ല | 2025 ജനവരി ഫെബ്രുവരി മാസങ്ങളിൽ ഒരു ജീവനക്കാരൻ എൽ.ഡബ്ല്യൂ.എ.യിൽ ആയിരുന്നതിനാൽ പ്രീമിയം പിടിച്ചില്ല. ആയത് ഏപ്രിൽ മാസത്തിൽ കുടിശ്ശികയായി ഈടാക്കി. |

* 13 ജീവനക്കാർ X ₹500 X 10 മാസം = ₹65,000

12 ജീവനക്കാർ X ₹500 X 2 മാസം = ₹12,000

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | | | |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ട്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹3,35,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (32/25) | ₹3,35,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,95,200.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(56/25) | ₹2,95,200.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹49,444.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബാലൻസ് വിഹിതം(310/25) | ₹49,444.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹37,081.00 | നെറ്റ് സീറോ കാർബൺ (212/25) | ₹37,081.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹5,00,000.00 | പാലിന് സബ്സിഡി (1/25) | ₹5,00,000.00 | ₹0.00 |
| **ആകെ** | | **₹12,16,725.00** | | **₹12,16,725.00** | **₹0.00** |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹8,000.00 | മില്ലറ്റ് ഗ്രാമം (163/25) | ₹8,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹5,81,569.00 | നെൽക്കൃഷി വികസനം (76/25) | ₹5,81,569.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹5,92,179.00 | നെൽക്കൃഷി കൂലിച്ചെലവ്(193/25) | ₹5,92,179.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹6,000.00 | ഡയാലിസിസ് രോഗികൾക്ക് ചികിത്സ ധനസഹായം(178/25) | ₹6,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹5,00,000.00 | ലൈഫ് ഭവനനിർമ്മാണം എസ്.സി.പി. (33/25) | ₹5,00,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹4,00,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ (32/25) | ₹4,00,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹98,400.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(56/25) | ₹98,400.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹2,85,000.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(90/25) | ₹2,85,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,90,088.00 | പാലിന് സബ്സിഡി(1/25) | ₹1,90,088.00 | ₹0.00 |
| **ആകെ** | | **₹26,61,236.00** | | **₹26,61,236.00** | **₹0.00** |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.</u>

| പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പാടശ്ശേഖരങ്ങളിൽ നെൽകൃഷിക്കായി ഇലക്ട്രിക് ലൈൻ വലിക്കൽ (275/25) | 42401615/13.1.2025 | ₹2,00,000 | 0 | ₹2,00,000 |
| | 42401104/30.1.2025 | ₹11,194 | 0 | ₹11,194 |
| തോട്ടത്തിൽതാഴം റോഡിൽ ഇലക്ട്രിസിറ്റി ലൈൻ വലിക്കൽ (349/25) | 42401355/26.3.2025 | ₹1,48,315 | 0 | ₹1,48,315 |
| ഇലക്ട്രിക് ലൈൻ മാറ്റി കേബിൾ സ്ഥാപിക്കൽ (355/25) | 42401162/10.2.2025 | ₹56,491 | 0 | ₹56,491 |
| **ആകെ തുക** | | | | **₹4,16,000** |

**<u>അനർട്ട്.</u>**

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കൃഷി ഓഫീസിൽ സൗരോർജ്ജ വൈദ്യുതി ഉൽപാദന യൂണിറ്റ് സ്ഥാപിക്കൽ (217/25) | 42401672/6.3.2025 | ₹6,00,000 | 0 | ₹6,00,000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 330500201 KURDFC | ₹88,94,253 | 0 | ₹88,94,253 | ₹20,20,537 | - | ₹68,73,716 |
| 330500202 HUDCO | ₹44,16,982 | ₹65,27,000 | ₹1,09,43,982 | 0 | - | ₹1,09,43,982 |
| **ആകെ** | **₹1,33,11,235** | **₹65,27,000** | **₹1,98,38,235** | **₹20,20,537** | **-** | **₹1,78,17,698** |

കുറിപ്പ്: തൻവർഷത്തെ വരവ് 330500202 എന്ന ശീർഷകത്തിലും ജി.ഒ.പ്രോജക്ട് പ്രകാരം ഉള്ള തിരിച്ചടവ് തുക 330500201 എന്ന ശീർഷകത്തിലും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| **ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം** | | |
|---|---|---|
| നമ്പർ | പേര് | തുക |
| എസ്.361/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,27,557 |
| എസ്.363/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,32,914 |
| എസ്.362/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,82,592 |
| എസ്.364/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,77,474 |
| **ആകെ** | | **₹20,20,537** |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | ₹44,28,465 |
| തൻവർഷം നിക്ഷേപിച്ച മുതൽ | 0 | |
| തൻവർഷം നിക്ഷേപിച്ച പലിശ | ₹300789 | |
| ആകെ | | ₹47,29,254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹47,29,254* |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| കീച്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ₹8,14,350 | 8686/16 |
| കീച്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ₹5,78,292 | 15720 |
| കേരള ബാങ്ക് ആമ്പല്ലൂർ | ₹7,03,581 | C00121478 |
| യു.ബി.ഐ.ആമ്പല്ലൂർ | ₹26,33,031 | 687014 |
| ആകെ | ₹47,29,254 | |

*എ.എഫ്.എസ്. പ്രകാരം വർഷാന്ത്യ നീക്കിയിരുപ്പ് ₹46,99,120 ആണുള്ളത്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ആകെ വർഷാന്ത്യ മൂല്യവുമായി ഇത് പൊരുത്തപ്പെടുന്നില്ല. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ആമ്പല്ലൂർ ശാഖയിലെ സ്ഥിരനിക്ഷേപം ഓഡിറ്റ് വർഷം പുതുക്കി നിക്ഷേപിച്ചപ്പോൾ ₹30,134 ആദായനികുതിയിനത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത ശേഷമുള്ള പലിശ ഉൾപ്പെടുത്തിയാണ് സ്ഥിരനിക്ഷേപം ₹26,33,031 ആയി പുതുക്കി നൽകിയിട്ടുള്ളത്. എന്നാൽ ലെഡ്ജർ അക്കൗണ്ട് (420800101) പ്രകാരം 31.3.2025 ൽ ₹30,134 ജേണൽ വൗച്ചർ (42401860) മുഖാന്തിരം വീണ്ടും കുറവ് ചെയ്തതിനാലാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്ന് കാണുന്നു. വാർഷിക കണക്കുകളിൽ ഈ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## <u>4-8 ഓഡിറ്റ് റിക്കവറി</u>

ഇല്ല

## <u>4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം</u>

ഇല്ല

## <u>4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം</u>

<u>(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## <u>4-11 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) <u>സംക്ഷിപ്തവിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹6,64,25,507.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹6,09,44,087.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹2,515.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹5,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹27,30,933.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-10 & 2-1 | ₹2,515.00 | - | ശ്രീ. മനോജ് കെ., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-31 & 3-1 | - | ₹5,000.00 | ശ്രീമതി സുനിത എസ്., അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| **ആകെ** | **₹2,515.00** | **₹5,000.00** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | ₹6,00,000.00 | ശ്രീമതി സജിത എൻ., ഹെഡ്മിസ്ട്രസ്., ജി.എൽ.പി.എസ്. |
| 1-27 | ₹3,00,000.00 | ഡോ. സന്ധ്യാമോൾ കെ.ബി., മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| 1-29 | ₹4,220.00 | ശ്രീമതി പൂർണ്ണിമ കെ.ദാസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-32 | ₹75,500.00 | ശ്രീമതി സുനിത എസ്., അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-35 | ₹6,27,713.00 | ശ്രീമതി ശ്രീബാല അജിത്, കൃഷി ഓഫീസർ |
| 1-37 | ₹10,000.00 | ശ്രീ. മനോജ് കെ., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-38 | ₹12,500.00 | ശ്രീമതി സുനിത എസ്., അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-39 | ₹8,04,806.00 | ശ്രീ. മനോജ് കെ., സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-40 | ₹2,11,194.00 | ശ്രീമതി ശ്രീബാല അജിത്, കൃഷി ഓഫീസർ |
| 1-41 | ₹85,000.00 | ശ്രീമതി ശ്രീബാല അജിത്, കൃഷി ഓഫീസർ |
| **ആകെ** | **₹27,30,933.00** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ. മനോജ് കെ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്, പുതിയകാവ്, തൃപ്പൂണിത്തുറ പി.ഒ. |
| ശ്രീമതി സുനിത എസ്. അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ശ്രീബാല എൻക്ലേവ്, മാർക്കറ്റ് റോഡ്, തൃപ്പൂണിത്തുറ |
| ഡോ. സന്ധ്യാമോൾ കെ.ബി., മെഡിക്കൽ ഓഫീസർ, ആയുർവേദം. | മെഡിക്കൽ ഓഫീസർ ആയുർവേദം ഡിസ്പെൻസറി, ആമ്പല്ലൂർ | ഹൗസ് നം. 23എ മിഹിക, ചെട്ടിപ്പറമ്പിൽ ലെയിൻ ചൂരക്കാട് |
| ശ്രീമതി പൂർണ്ണിമ കെ.ദാസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ഏലീച്ചിൽ ഹൗസ്, ചോറ്റാനിക്കര, കണയന്നൂർ പി.ഒ. |
| ശ്രീമതി ശ്രീബാല അജിത് കൃഷിഓഫീസർ | കൃഷിഓഫീസർ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം.6 എ, വെർഡന്റ് വുഡ്സ് അപ്പാർട്ട്മെന്റ്സ്, ചോറ്റാനിക്കര പി.ഒ. 682312 |
| ശ്രീമതി സജിത എൻ. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. | മറ്റത്തിൽ വീട്, ബ്രഹ്മമംഗലം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.(പി.6) 1677(i)/22/12.12.22 |
| 2002-2003 | പി.4 638/04, 05.02.05 |
| 2003-2004 | പി.6 1262/09, 16.11.10/05.03.11 |
| 2006-2007 | പി.6 1265/10, 27.11.10 |
| 2007-2008 | കെ.എസ്.എ.ഇ.കെ.(പി.6)1677(ii)/22/12.12.22 |
| 2009-2010 | കെ.എസ്.എ.ഇ.കെ.(പി.6)1677(iii)/22/12.12.22 |
| 2010-2011, 2011-2012 | കെ.എസ്.എ.ഇ.കെ.(പി.6)1677(iv)/22/12.12.22 |
| 2012-2013 | കെ.എസ്.എ.ഇ.കെ.(പി.6)1677(v)/22/12.12.22 |
| 2013-2014, 2014-2015 | കെ.എസ്.എ.ഇ.കെ.(പി.6)1677(vi)/22/12.12.22 |
| 2015-2016 | കെ.എസ്.എ.ഇ.കെ.(പി.6)1677(vii)/22/12.12.22 |
| 2016-2017 | കെ.എസ്.എ.ഇ.കെ.(പി.6)1677(viii)/22/12.12.22 |
| 2017-2018 | കെ.എസ്.എ.ഇ.കെ.(പി.6)1677(ix)/22/12.12.22 |
| 2018-2019 | കെ.എസ്.എ.ഇ.കെ.(പി.6)1677(x)/22/12.12.22 |
| 2019-2020 | കെ.എസ്.എ.ഇ.കെ.(പി.6)1149/2021, 12.11.21 |
| 2020-2021 | കെ.എസ്.എ.ഇ.കെ.(പി.6)1150/2021, 12.11.21 |
| 2021-2022 | കെ.എസ്.എ.ഇ.കെ.(പി.6) 1731/2022, 2.12.22 |
| 2022-2023 | കെ.എസ്.എ.ഇ.കെ.(പി.6)1231/2023, 10.10.23 |

| | |
|---|---|
| 2023-2024 | കെ.എസ്.എ.ഇ.കെ.(പി.6) 1104/24/19.09.24 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 16 dated 16(1) dated 12-06-2025 and submitted on 17-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Amballur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Amballur Grama Panchayat as on 31-03-2025

**Date: 11/07/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Amballur Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. Mismatch of property tax figures in between the annual financial statements and Sanjaya figures.

2. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts

Rules 2011, rule 62(f)) are not included.

3. In Cash Flow statement Net increase / decrease in cash flow do not match with difference between opening balance and closing balance.

4.The closing balance of the Fixed deposits differs between the ledger and the FD receipts.

5. Deposit register is not maintained to show the details of the works for which amounts are deposited in KWA and KSEB.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടു ാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്